# TRICHUR ARCHDIOCESAN BULLETIN

ജനുവരി 2026 | വാല്യം: 93 | ലക്കം: 01

TAB

Let's Rise Together to Rebuild the Community

വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും
ഒരു ആത്മാവുമായിരുന്നു (അപ്പ. പ്രവ. 4:32)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

# സീറോമലബാർ സമുദായ ശക്തീകരണവർഷം-2026
# ലോഗോ

**ലോഗോ**യുടെ വൃത്താകൃതി ഭൂമിയെ സൂചിപ്പിക്കുന്നു. ഏറ്റവും താഴെയുള്ള നീലനിറം സമുദ്രത്തെയും മുകളിലുള്ള നീലകമാനം ആകാശത്തെയും അർത്ഥമാക്കുന്നു. നാലുനിറങ്ങൾ ഭൂമിയുടെ നാലുദിക്കുകളെയും ബിന്ദുക്കൾ ആ ദിക്കുകളിലെ മനുഷ്യരെയും ദ്യോതിപ്പിക്കുന്നു. മുകുളങ്ങളുള്ള, ശൂന്യമായ, സ്വർണനിറത്തിലുള്ള സ്ലീവാ ഏറ്റവും മുകളിൽ ഈ നാലുനിറങ്ങളും ഒത്തുചേരുന്നിടത്തു പ്രതിഷ്ഠിച്ചിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ചിതറിപ്പാർക്കുന്ന സീറോമലബാർ സഭാംഗങ്ങൾ ഉത്ഥിതനായ മിശിഹായിലും മാർത്തോമൻ പാരമ്പര്യത്തിലും ഒന്നുചേർന്ന് ഒരു സമുദായമായി മാറുന്നു എന്നതാണു ലോഗോയുടെ സൂചകം.

**"Let's Rise Together"** (നമുക്ക് ഒരുമിച്ചുയരാം): ഈ വാക്യം കൂട്ടായ പ്രവർത്തനത്തിനും പരസ്പരപിന്തുണയ്ക്കുമുള്ള ആഹ്വാനമാണ്. വ്യക്തികൾ ഒറ്റയ്ക്കല്ലെന്നും ഒരു പൊതുലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന സമുദായത്തിന്റെ ഭാഗമാണെന്നും ഇതു സൂചിപ്പിക്കുന്നു.

**"Rebuild the Community"** (സമുദായത്തെ പുനർനിർമിക്കുക): സമുദായം ചില വെല്ലുവിളികൾ നേരിടുന്നു എന്നും അവയെ അതിജീവിച്ചു സമുദായത്തെ ശക്തിപ്പെടുത്താനും നവീകരിക്കാനും വേണ്ടിയാണു സമുദായ ശക്തീകരണവർഷാചരണം നടത്തുന്നതെന്നും ഈ വാക്യം വ്യക്തമാക്കുന്നു.

പ്രതീക്ഷയുടെയും കൂട്ടായപ്രവർത്തനത്തിന്റെയും ശക്തമായ സന്ദേശമാണ് ലോഗോ നൽകുന്നത്. സമുദായത്തിന്റെ മികച്ച ഭാവിക്കായുള്ള സഹകരണവും ഒരുമിച്ചുള്ള മുന്നേറ്റവും ലോഗോ വിഭാവനം ചെയ്യുന്നു.

Trichur Archdiocesan Bulletin TAB

ESTD:1934

**ജനുവരി 2026**

ലക്കം: 01 | വാല്യം: 93

12

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesign.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 07 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 10 |
| സഹായമെത്രാന്റെ പരിപാടികൾ | 11 |
| നാളാഗമം | 13 |
| നാമകരണ നടപടികൾ | 16 |
| വൈദികർ | 26 |
| സന്യസ്തർ | 29 |
| സാമ്പത്തിക കാര്യാലയം | 36 |
| വിശ്വാസ പരിശീലനം | 37 |
| സ്ഥാപനങ്ങൾ | 56 |
| സംഘടനകൾ | 67 |

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

2939/2025
03/12/2025 C-11

### ജൂബിലിവർഷ സമാപനം

ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷം അതിന്റെ സമാപനത്തോടടുക്കുകയാണല്ലോ. വിവിധങ്ങളായ ആകുലതകളാലും പ്രതിസന്ധികളാലും ഉഴലുന്ന മാനവകുലത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത് ദൈവത്തിന്റെ പരിപാലനയിലുള്ള അടിയുറച്ച വിശ്വാസവും തദ്വാര ലഭിക്കുന്ന പ്രത്യാശയുമാണെന്ന് തിരിച്ചറിഞ്ഞ പാപ്പ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന ആദർശസൂക്തമാണ് ജൂബിലി വർഷത്തിൽ ആഴത്തിൽ പരിചിന്തനം ചെയ്യാൻ നമുക്ക് നൽകിയിരുന്നത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമാ 5:5) എന്ന തിരുവചനത്താൽ നയിക്കപ്പെടുന്ന ഒരു തീർത്ഥാടനത്തിലാണ് നാമോരോരുത്തരുമെന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രത്യാശയുടെ ജൂബിലി വർഷാചരണത്തോടനുബന്ധിച്ചുള്ള ആത്മീയാനുഷ്ഠാനങ്ങളെയും കർമ്മപരിപാടികളെയും സംബന്ധിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിശുദ്ധ സിംഹാസനം തന്നെ നമുക്ക് നൽകിയിരുന്നു. ശരിയായ ആത്മീയ

ഒരുക്കത്തോടെ നിർദ്ദിഷ്ട ദൈവാലയങ്ങളിലെ ജൂബിലികവാടങ്ങൾ പ്രാർത്ഥനാപൂർവ്വം കടന്ന് ഒത്തിരി പേർക്ക് പാപത്തിന്റെ കാലികശിക്ഷയിൽ നിന്ന് മോചനം നൽകുന്ന ദണ്ഡവിമോചനം നേടാൻ കഴിഞ്ഞുവെന്നത് ഈ ജൂബിലിവർഷത്തിന്റെ വലിയൊരു അനുഗ്രഹമായിരുന്നു. പ്രായം, ജീവിതാന്തസ്സ്, ശുശ്രൂഷാമേഖല തുടങ്ങിയവയെ ആധാരമാക്കി നടത്തപ്പെട്ട വിവിധ കൂട്ടായ്മകൾ വിശ്വാസികളുടെ സാഹോദര്യവും, സ്ഥൈര്യവും പരിപോഷിപ്പിച്ച് കൂടുതൽ അർപ്പണ ബോധത്തിലേക്ക് നയിച്ചുവെന്നത് ഈ ജൂബിലി വർഷാചരണത്തിന്റെ മറ്റൊരു നന്മയാണ്.

പരിശുദ്ധ സിംഹാസനം നൽകിയ നിർദ്ദേശങ്ങളുടെ ചൈതന്യം സ്വീകരിച്ചുകൊണ്ട് നമ്മുടെ അതിരൂപതയും ജൂബിലി വർഷാചരണത്തിന്റെ കർമ്മപരിപാടികൾ നടപ്പാക്കിയിരുന്നു. സന്യസ്തസംഗമം, വൈദികസന്യാസ അർത്ഥികളുടെ സംഗമം, സാമൂഹ്യസേവന പ്രസ്ഥാനങ്ങളുടെ സംഗമം, അധ്യാപക സംഗമം എന്നിവ അവയിൽ ചിലതായിരുന്നു. വിശ്വാസപരിശീലകരുടെ സംഗമം, ഭിന്നശേഷി സഹോദരങ്ങളുടെ സംഗമം എന്നിവ ഈയടുത്ത ദിവസങ്ങളിൽ നടക്കുന്നതാണ്. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം വർഷാചരണത്തിന്റെ അനുഗ്രഹങ്ങളും നന്മകളും കുറേയെങ്കിലും സ്വന്തമാക്കാൻ മേല്പറഞ്ഞ ഉദ്യമങ്ങളിലൂടെ ഇടയായതിൽ നമുക്ക് ദൈവത്തോട് നന്ദി പ്രകാശിപ്പിക്കാം.

2024 ക്രിസ്തുമസ് ദിനത്തിലാരംഭിച്ച ജൂബിലിവർഷം 2026 ദനഹാതിരുന്നാൾ ദിനത്തിലാണ് ഔപചാരികമായി സമാപിക്കുക. അതിനു മുമ്പായി 2025 ഡിസംബർ 28ന് രൂപതാതല ജൂബിലിയാഘോഷങ്ങളുടെ സമാപനം നടത്താനാണ് വത്തിക്കാൻ പ്രസിദ്ധീകരിച്ച ജൂബിലി കർമ്മപദ്ധതിയിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ നമ്മുടെ അതിരൂപതയിലെ സാഹചര്യം പരിഗണിച്ചപ്പോൾ ക്രിസ്തുമസിന് മുമ്പ് ജൂബിലിവർഷ സമാപന ചടങ്ങുകൾ നടത്തുന്നതാണ് ഉചിതമാണെന്നാണ് വിലയിരുത്തപ്പെട്ടത്. അതനുസരിച്ച് 2025 ഡിസംബർ 14ന് ഞായറാഴ്ച തൃശൂർ പരിശുദ്ധ വ്യാകുലമാതാവിൽ ബസിലിക്ക (പുത്തൻ പള്ളി)യിൽ വച്ച് ജൂബിലിവർഷാചരണത്തിന്റെ സമാപന ചടങ്ങുകൾ നടത്താൻ നിശ്ചയിച്ചു. ഉച്ചതിരിഞ്ഞ് 2 മണിക്ക് പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിച്ച് 5.30നുള്ള വിശുദ്ധ കുർബാനയോടെ അവസാനിക്കുന്ന വിധത്തിലാണ് ജൂബിലി വർഷാചരണത്തിന്റെ സമാപന ചടങ്ങുകൾ വിഭാവനം ചെയ്തിട്ടുള്ളത്. വിശ്വാസ പരിശീലനം പ്രമേയമാക്കിയുള്ള പ്രഭാഷണം, ദിവ്യകാരുണ്യ പ്രദക്ഷിണം, സമുദായ ശക്തീകരണ

വർഷത്തിന്റെ ഉദ്ഘാടനം എന്നിവയും സമാപന ആഘോഷങ്ങളുടെ ഭാഗമായിരിക്കും.

ഓരോ ഇടവകയിലെയും വൈദികസന്യസ്ത പ്രതിനിധികൾ, കൈക്കാരന്മാർ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികൾ, ഭക്തസംഘടന ഏകോപനസമിതി ഭാരവാഹികൾ, വിശ്വാസപരിശീലന അധ്യാപക പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോന കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരെ ജൂബിലിവർഷ സമാപന ആഘോഷങ്ങളിൽ സംബന്ധിക്കാൻ ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. ആഗ്രഹമുള്ള മറ്റുള്ളവർക്കും സമാപന ചടങ്ങുകളിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്നവർക്ക് വേണ്ടതായ വാഹന സൗകര്യം ഏർപ്പെടുത്താൻ ബഹു വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ജൂബിലി വർഷത്തിന്റെ ചൈതന്യത്തിനിണങ്ങുന്ന വിധത്തിൽ സമാപന ആഘോഷങ്ങൾ പൂർത്തീകരിക്കാൻ നമുക്കേവർക്കും ഡിസംബർ 14ന് ബസിലിക്കയിൽ ഒത്തുചേരാം.

ഇനിയും താണ്ടാനുള്ള തീർത്ഥാടന വഴികളിൽ പ്രത്യാശയോടെ മുന്നേറാൻ നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ മിശിഹാ നമ്മെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. ആഗതമാകുന്ന ഈശോയുടെ പിറവി തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനയോടെ നേരുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത*

NB: ഈ സർക്കുലർ 2025 ഡിസംബർ 7 ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# കച്ചേരി വാർത്തകൾ

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ
### ജനുവരി 2026

ജനുവരി

1 : നമ്മുടെ കർത്താവിന്റെ നാമകരണം
വർഷാരംഭം

2 : ആദ്യവെള്ളി
ദൈവമാതൃത്വ തിരുനാൾ

3 : വി. കുരിയാക്കോസ് ഏലിയാസ്

4 : പിറവി രണ്ടാം ഞായർ

6 : നമ്മുടെ കർത്താവിന്റെ ദനഹാതിരുനാൾ
ദനഹാ ഒന്നാം ഞായർ

9 : വി. യോഹന്നാൻ മാംദാന

11 : ദനഹാ രണ്ടാം ഞായർ

14 : വി. ദേവസഹായം

18 : ദനഹാ മൂന്നാം ഞായർ
സഭൈക്യവാരം തുടങ്ങുന്നു

20 : വി. സെബസ്ത്യാനോസ്

23 : വിശുദ്ധ സുവിശേഷകന്മാർ

24 : വിശുദ്ധ ഫ്രാൻസിസ് സാലസ്

25 : ദനഹാ നാലാം ഞായർ
സഭൈക്യവാരം അവസാനിക്കുന്നു
വി. പൗലോസിന്റെ മാനസാന്തരം

26 : വി. തിമോത്തിയോസ്, വി. തിത്തോസ്
മൂന്ന് നോമ്പാരംഭം

28 : വി. തോമസ് അക്വീനാസ്

30 : വി. എസ്തപ്പാനോസ്
ലോകസമാധാന ദിനം

31 : വി. ജോൺ ബോസ്കോ

**2. ജനുവരി മാസത്തെ പരിപാടികൾ**

19–23: നവവൈദികർക്കുള്ള പരിശീലനപ്രോഗ്രാം

22: ആലോചനസമിതിയോഗം (10:30 am)

26: മതബോധന സർവ്വീസ് അവാർഡ്

28: വൈദികസമ്മേളനം & നവവൈദികർക്ക് സ്വീകരണം

**3. ദനഹാക്കാലം:**

ഉദയം, പ്രത്യക്ഷവത്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് 'ദനഹാ'. ദനഹാക്കാലത്തിൽ ജോർദ്ദാൻ നദിയിൽ വച്ച് ഈശോയുടെ മാമ്മോദീസ വേളയിൽ ആരംഭിച്ച അവിടുത്തെ പ്രത്യക്ഷവത്ക്കരണമാണ് അനുസ്മരിക്കുന്നത്. പരിശുദ്ധ ത്രിത്വരഹസ്യം ഈശോയുടെ മാമ്മോദീസയിൽ വെളിപ്പെട്ടു.

ജനുവരി 6ന് ആഘോഷിക്കുന്ന ദനഹാത്തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ പിണ്ടിക്കുത്തി പെരുന്നാളെന്നും തെക്കൻ ഭാഗങ്ങളിൽ രാക്കുളി പെരുന്നാളെന്നും വിളിക്കാറുണ്ട്.

മിശിഹായുടെ പരസ്യജീവിതം അനുസ്മരിക്കുന്ന ദനഹാക്കാലത്തെ പ്രഘോഷണങ്ങളെല്ലാം അവിടുത്തെ വ്യക്തിത്വത്തിലേക്കാണ് നമ്മെ ആനയിക്കുന്നത്. പരസ്യജീവിതത്തിലെ സുപ്രധാന സംഭവമെന്ന നിലയിൽ ശ്ലീഹന്മാരുടെ തെരഞ്ഞെടുപ്പും ദനഹാക്കാലത്തെ ധ്യാനവിഷയമാണ്. വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നു.

ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

**4. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2026 ജനുവരി 28 ബുധൻ രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**5. യുവവൈദികർക്കുള്ള തുടർപരിശീലനം**

നവവൈദികരുടെ തുടർപരിശീലനം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്കുള്ള തുടർ പരിശീലനം 2026 ജനുവരി 19 തിങ്കൾ മുതൽ 23 വെള്ളി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് സംഘടിപ്പിക്കുന്നു. അതിരൂപതയെയും അജപാലനപ്രവർത്തനങ്ങളെയും കൂടുതൽ അടുത്തറിയുന്നതിന് സഹായകമാകുന്ന രീതിയിലാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ നവവൈദികരെയും സ്വാഗതം ചെയ്യുന്നു.

**2021–2024തിരുപ്പട്ട സ്വീകരണ ബാച്ചുകൾ**

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2021–2024 ബാച്ചുകൾ) തുടർ പരിശീലന പ്രോഗ്രാം 2026 ഫെബ്രുവരി 23 തിങ്കൾ രാവിലെ 9.30 മുതൽ 24 ചൊവ്വ വൈകീട്ട് 7 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. Pastoral Communication Skills എന്ന വിഷയത്തെ ആസ്പദമാക്കി യുവവൈദികരുടെ അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉതകുന്ന രീതിയിലാണ് ഈ പ്രോഗ്രാം ഒരുക്കിയിരിക്കുന്നത്. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്തങ്ങളും ക്രമീകരിച്ച് പ്രസ്തുത പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ!

**2018–2020തിരുപ്പട്ട സ്വീകരണ ബാച്ചുകൾ**

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2018–2020 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2025 മാർച്ച് 9 തിങ്കൾ രാവിലെ 9.30 മുതൽ 10 ചൊവ്വ വൈകീട്ട് 7 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. Teamwork Skills എന്ന വിഷയത്തെ അധികരിച്ച് യുവവൈദികരുടെ അജപാലന ശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പ്രോഗ്രാം വേദിയൊരുക്കുന്നു. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്തങ്ങളും ക്രമീകരിച്ച് പ്രസ്തുത പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ!

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**JANUARY 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 2-4 | Fri- Sun | | Episcopal Ordination of Rev. Dr. Stephen Fernandes, New Aux. Bishop Elect to the Archdiocese of Bombay |
| 6-10 | Tue- Sat | | Synod of Bishops |
| 12 | Mon | Afternoon | Consultors Meeting @ ABP House |
| 13 | Tue | Morning | Hearing Aid Distribution @ Basilica |
| 14 | Wed | Morning | CBCI Level Entrepreneurs Meet |
| 17 | Sat | Morning | Golden Jubilee of FCC Sisters @ LF College, Guruvayur |
| 18 | Sun | Morning | Blessing of Mulloorkara Church |
| | | Afternoon | Children's Ministry Award Day @ DBCLC |
| 19 | Mon | Afternoon | Intercuria Ecumenical Meeting |
| 19-23 | | | Formation Programme for New Priests @DBCLC |
| 26 | Mon | Morning | Holy Mass for Golden & Silver Jubilarians of Charity Sisters @ St Thomas Church, Thiroor |
| | | Afternoon | Catechism Award Day @ DBCLC |
| 28 | Wed | Morning | Reception to New Preists & Announcement of Priests' General Transfer @ DBCLC |
| 29 | Thu | Morning | Blessing of the Samaritan Convent @ Attathara |

# ENGAGEMENTS

**JANUARY 2026**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 1 | Thu | Morning | Holy mass @ Mannanam |
| 2 | Fri | Morning | Holy mass & Kodikayattam @ Vendore |
| | | Evening | Parish Day @ Aloor |
| | | | Adoration Conclusion @ Marathakkara |
| 3 | Sat | Morning | Jubilee Mass @ Chettupuzha |
| | | | SABS Provincialate |
| | | Afternoon | Annual Day @ St Clares, Thrissur |
| | | Evening | Kooduthurackal @ Aranattukkara |
| 4 | Sun | Morning | Visit @ Veluthur Catechism Unit |
| | | Afternoon | Installation Ceremony of Youth CLC New Executives @ ABH |
| 6 - 10 | | | Synod of Bishops |
| 11 | Sun | Morning | Holy Mass @ Punkunnam |
| | | | Visit @ Palakkal Catechism Unit |
| 12 | Mon | Morning | Ordination of Dn. Micheal CSJBP @ Poomala |
| | | Afternoon | Consulters' Meeting |
| | | | Catholica Sabha Editorial Meeting |
| 14 | Wed | Morning | Class @ Marymatha Seminary |
| 15 | Thu | Afternoon | Trust Meeting @ STC |
| 16 | Fri | Morning | Class @ Marymatha Seminary |
| 17 | Sat | Morning | 4th Child Baptism @ Machad |
| | | Evening | Holy mass & Kodikayattam @ Ammadam |
| 18 | Sun | Morning | Holy mass & Kodikayattam @ Chittissery |
| | | | Children's Ministry Award Day @ DBCLC |
| 19 | Mon | Morning | Festal Mass @ Arthungal |

| | | | |
|---|---|---|---|
| 20 | Tue | Morning | Class @ Marymatha Seminary |
| 21 – 22 | | | Commission Visit @ Mangalapuzha Seminary |
| 23 | Fri | Morning | Class @ Marymatha Seminary |
| 24 | Sat | | Holy mass @ Holy Cross Forane Church, Mogappair, Chennai |
| 26 | Mon | Morning | Centenary Celebration @ Holy Child's Convent, Chiralayam |
| | | Afternoon | Catechism Award Day @ DBCLC |
| 27 | Tue | Morning | Class @ Marymatha Seminary |
| | | Afternoon | Annual Day @ Mattom St Mary's L P School |
| 28 | Wed | | Priest Conference @ DBCLC |
| 29 | Thu | Morning | Class @ Marymatha Seminary |

"അവിടുത്തെ
ആലയത്തെക്കുറിച്ചുള്ള
തീക്ഷ്ണത എന്നെ
വിഴുങ്ങിക്കളയും
എന്നെഴുതപ്പെട്ടിരിക്കുന്നത്
അപ്പോൾ അവന്റെ
ശിഷ്യൻമാർ
അനുസ്മരിച്ചു.
(യോഹ. 2:17)"



# നാളാഗമം

## നവംബർ 2025

1. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ സകല മരിച്ചവരുടെയും ഓർമ്മദിനത്തിൽ ലൂർദ് ദൈവാലയത്തിൽ തിരുകർമ്മ ങ്ങൾക്ക്കാർമികത്വം വഹിച്ചു. ഒളരിക്കര ഇടവക ദൈവാലയത്തിൽ നടന്ന ഹോളി ഫാമിലി സന്യാസ സമൂഹത്തിൽ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേ ഴ്സിന് വേണ്ടി ദിവ്യബലി അർപ്പിച്ചു. ഉച്ചയ്ക്ക് അതിരൂപത കാര്യാലയത്തിൽ P R O യുടെ സുവർണ്ണ ജൂബിലി യോടനുബന്ധിച്ച് സംഘടിപ്പിച്ച പുസ്ത കം എഴുതി പ്രസിദ്ധീകരിച്ചവരുടെ സംഗമം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സകല മരിച്ചവരുടെയും ഓർമ്മദിനത്തിൽ തിരുകർമ്മങ്ങൾക്ക് രാവിലെ ബസിലിക്കയിൽ കാർമികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് സാഗർ ഭവനിൽ ബഹു. ഫ്രാൻസിസ് മുരിങ്ങാത്തുപ റമ്പിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാ ആസ്ഥാനത്തു നടന്ന സാഹിത്യ സംഗമത്തിൽ പങ്കെടുത്തു. വൈകീട്ട് സെന്റ് തോമസ് കോളേജ്

ഒരുക്കിയ കേരളപ്പിറവി ഗ്ലോബൽ മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

2. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡൽഹിയിൽ ഫരിദാബാദ് അതിരൂപതയുടെ സ്ഥാനാരോഹണ ശുശ്രൂഷകളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂർ ഫൊറോനയുടെ നേതൃത്വത്തിൽ മരത്താക്കര ദൈവാലയിൽ വച്ച് നടത്തിയ സമുദായ ജാഗ്രത സദസ്സ് ഉദ്ഘാടനം ചെയ്തു. തുടർന്ന് കൂനമൂച്ചി ഇടവകയിൽ വച്ച് നടത്തിയ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ അതിരൂപതാതല എഴുപത്തേഴാം ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പാലക്കാട് കഞ്ചിക്കോട് റാണിക്ക് പരിശുദ്ധ അമ്മ ദർശനം നൽകിയ സ്ഥലത്ത് വി. കുർബാനയും വചന സന്ദേശവും നൽകി. വൈകീട്ട് കുരിയച്ചിറ ഇടവക ദൈവാലയത്തിൽ വച്ച് നടന്ന വിശുദ്ധരുടെ വേഷമണിഞ്ഞ കുട്ടികളുടെ സംഗമത്തിൽ പങ്കെടുത്തു.

3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വൈദികരുടെ ലിവ് & ലേൺ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും തുടർന്നുള്ള സമയം അതിരൂപതയിലെ വൈദികരോടൊപ്പം ചിലവഴിക്കുകയും ചെയ്തു. വൈകീട്ട് അതിരൂപതാ ആസ്ഥാനത്തു വച്ച് നടന്ന എക്യൂമെനിക്കൽ മീറ്റിംഗിൽ പങ്കെടുത്തു.

4. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എം. ഐ. മഠത്തിൽ വി.കുർബാന അർപ്പിച്ചു.

5. അഭിവന്ദ്യ പിതാക്കന്മാർ, ബൽത്തങ്ങാടി രൂപതയുടെ പുതിയ അധ്യക്ഷൻ മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ മെത്രാഭിഷേക ശുശ്രൂഷകളിൽ പങ്കെടുത്തു. തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷത വഹിച്ചു.

6. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചയ്ക്ക്, മേരിമാതാ മേജർ സെമിനാരിയുടെ ഹോം ഡേ യുടെ പ്രാർത്ഥനാ ശുശ്രൂഷകളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചക്ക് മേരിമാതാ സെമിനാരിയിൽ വച്ച് നടന്ന കുടുംബ ദിനപ്രാർത്ഥനയിലും സ്നേഹവിരുന്നിലും പങ്കെടുത്തു. വൈകീട്ട് നടന്ന സിനഡ് മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു. തുടർന്ന് ലൂർദ് പള്ളിയിൽ വച്ച് നടന്ന സ്നേഹസംഗമത്തിൽ പങ്കെടുത്തു.

7. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ആർത്താറ്റ്

ഹോളിക്രോസ് സ്കൂളിൽ പുതിയതായി നിർമ്മിച്ച പ്രയർ ഹോളിന്റെയും സ്കൂൾ ഗ്രൗണ്ടിന്റെയും ചിൽഡ്രൻസ് പാർക്കിന്റെയും ഉദ്ഘാടനം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാന അർപ്പിക്കുകയും കൂടു തുറക്കൽ ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. രാവിലെ ചേറൂരിലെ മൗണ്ട് കാൽവരി സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തലശ്ശേരിയിൽ വച്ച് നടന്ന ബഹുമാനപെട്ട മൽപ്പാൻ മൈക്കിൾ കാരിമറ്റം അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷകളിൽ പങ്കെടുത്തു.

8. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് വല്ലാർപാടം ബസിലിക്ക ദൈവാലയങ്കണത്തിൽ വച്ച് നടന്ന മദർ ഏലിശ്വയുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചക്ക് പൊന്നൂക്കര ദൈവാലയത്തിൽ ബഹു. മാർട്ടിൻ കൊളമ്പ്രത്ത് അച്ചന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് ഡി.ബി.സി.എൽ.സി.യിൽ നടന്ന അതിരൂപതാ വിശ്വാസ പരിശീലന കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

9. അഭിവന്ദ്യപിതാക്കന്മാർ ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ പാലോക്കാരൻ സ്ക്വയറിൽ നടന്ന അതിരൂപത ജാഗ്രത സദസ്സ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകിട്ട് തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് ഇടവക ദൈവാലയത്തിന്റെ ഗോൾഡൻ ജൂബിലി സമാപന സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുതുക്കാട് ഫൊറോന ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകുകയും വലിയ കുടുംബങ്ങളുടെ സംഗമത്തിൽ ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു. തുടർന്ന് ലൂർദ് കത്തീഡ്രലിൽ തിരുനാൾ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമിക നായി. ഉച്ചതിരിഞ്ഞ് അതിരൂപതാ തലത്തിൽ നടത്തിയ സമുദായ ജാഗ്രത സദസ്സിൽ പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് മേരിമാതാ സെമിനാരിയിൽ വച്ച് നടന്ന ഹോം ഡേ ദിനാഘോഷങ്ങളോടനുബന്ധിച്ചുള്ള സമ്മാനവിതരണം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അമ്മാടം ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. തുടർന്ന് അതിരൂപ

തയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വിവിധ ദേവാലയങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വൈകീട്ട് ദൈവശബ്ദം കൺവെൻഷന്റെ ഭാഗമായുള്ള മധ്യസ്ഥ പ്രാർത്ഥനയിൽ പങ്കെടുത്തു. തുടർന്ന് പറോക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സാമൂഹികആരോഗ്യ വിഭാഗത്തിന്റെ മീറ്റിങ്ങിൽ ഓൺലൈനായി പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മദർ തെരേസ ഹാളിൽ വച്ച് നടന്ന വൈറ്റ് കോട്ട് സെറിമണി, ടാലെന്റ്സ് ഡേ എന്നീ പരിപാടികൾ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അസീസി പ്രൊവിൻഷ്യാൾ ഹൗസിൽ ദിവ്യബലി അർപ്പിച്ചു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ശാന്തിധാം സി. എം. സി. സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വിശുദ്ധ കുർബാനയർപ്പിച്ചു. വൈകീട്ട്, അഭിവന്ദ്യ പിതാക്കന്മാർ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന ബോൺനത്താലേയുടെ എ. ഐ. പ്ലോട്ടുകളുടെ നിർമ്മാണം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് അതിരൂപതാ ആസ്ഥാനത്ത് വെച്ച് നടന്ന ഗുരുകുലം സെമിനാരിയുടെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് വൈദിക മന്ദിരത്തിൽ വിശ്രമജീവിതത്തിൽ ആയിരിക്കുന്ന വൈദികരെ സന്ദർശിച്ചു. വൈകീട്ട് കെ.സി.ബി.സി. ഡോക്ട്രൈനൽ കമ്മീഷൻ മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

13. രാവിലെ അഭിവന്ദ്യ പിതാക്കന്മാർ അതിരൂപതാ കാര്യാലയത്തിൽ നടന്ന ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

14. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആമ്പല്ലൂരിലെ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർ അതിരൂപതാ കാര്യാലയത്തിൽ നടന്ന ഫൊറോന വികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുണ്ടൂർ ഇടവക ദൈവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. വൈകീട്ട് ഡി. ബി.

സി. എൽ. സിയിൽ വച്ച് നടന്ന ക്രിസ്ഫോം പരിപാടി ഉദ്ഘാടനം ചെയ്തു.

15. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ഹോം ഡേ യോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദൈവശബ്ദം കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. വൈകിട്ട് മൈനർ സെമിനാരിയിൽ ഹോം ഡേ യോട് അനുബന്ധിച്ചുള്ള പൊതു സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാക്കന്മാർ ഡി. ബി. സി. എൽ. സി. യിൽ നടന്ന കൈക്കാരന്മാരുടെയും കണക്കെഴുത്തു കാരുടെയും യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചയ്ക്ക് മൈനർ സെമിനാരി കുടുംബ ദിനത്തിൽ നടത്തിയ പ്രാർത്ഥനയ്ക്കും സ്നേഹവിരുന്നിനും പങ്കെടുത്തു. ഉച്ചതിരിഞ്ഞ് മനക്കൊടി ഇടവക ദേവാലയത്തിൽ വെച്ച് നടത്തിയ എഫ്. സി. സി. സിസ്റ്റേഴ്സിന്റെ സഭാവസ്ത്ര സ്വീകരണത്തിൽ മുഖ്യകാർമികനായി. വൈകീട്ട് സെന്റ് തോമസ് കോളേജിന്റെ പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ ഓൺലൈനായി പങ്കുചേർന്നു.

16. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, മണലൂർ വെസ്റ്റ്, സെന്റ് ജോസഫ് ഇടവകയുടെ കൂദാശാകർമ്മം നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുറ്റൂർ ഇടവക ദൈവാലയത്തിൽ വിശുദ്ധ ബലി അർപ്പിക്കുകയും മാതൃവേദി ഒരുക്കിയ ബൈബിൾ സമർപ്പണം സ്വീകരിക്കുകയും ചെയ്തു. ഉച്ചയ്ക്ക് ഫാമിലി അപ്പോസ്തോലറ്റ് സെന്ററിൽ വച്ച് നടത്തിയ ഈ വർഷം വിവാഹം കഴിഞ്ഞ ദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പങ്ങാരപ്പിള്ളി ഇടവക ദേവാലയത്തിൽ വിശുദ്ധബലി അർപ്പിക്കുകയും പുതുക്കി പണിത മുഖവാരത്തിന്റെ വെഞ്ചിരിപ്പ് നടത്തുകയും ചെയ്തു.

17. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുളയം, എസ്. എൻ. ഡി. എസ്. സിസ്റ്റേഴ്സിന്റെ ജനറൽ സിനാക്സിസിനോടാനുബന്ധിച്ചുള്ള വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് വൈദികരുടെ ലിവ് & ലേൺ പരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ അതിരൂപതയിലെ വൈദികർക്കായി ഒരുക്കിയ ലീവ് ആൻഡ് ലേൺ പ്രോഗ്രാമിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചയ്ക്ക് ദൈവശബ്ദം ബൈബിൾ കൺവെൻഷനിൽ വിശുദ്ധ

ബലിയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. വൈകീട്ട് പടിഞ്ഞാറേ മണലൂർ പുതുക്കി പണിത ഇടവക ദേവാലയത്തിൽ വിശുദ്ധബലി അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് അതിരൂപത ആസ്ഥാനത്ത് നടന്ന മേരിമാതാ മേജർ സെമിനാരി എക്സിക്യൂട്ടീവ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

18. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, പി. ഒ. സി. യിൽ വച്ചു നടന്ന ഇന്റർ ചർച്ച് കൗൺസിലിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തന്റെ മെത്രാഭിഷേക വാർഷിക ദിനത്തിൽ രാവിലെ ലൂർദ് പള്ളിയിൽ വിശുദ്ധബലി അർപ്പിച്ചു.

19–21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജാർഖണ്ഡിലെ റാഞ്ചിയിലുള്ള കോൺസ്റ്റന്റ് ലീവൻസ് ഹോസ്പിറ്റലിന്റെ പത്താം വാർഷിക ആഘോഷങ്ങളിലും മീറ്റിംഗിലും വിശുദ്ധ കുർബാനയിലും പങ്കെടുത്തു.

19. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നിർമലദാസി സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ വിശുദ്ധ ബലി അർപ്പിച്ച് വചന സന്ദേശം നൽകി. വൈകീട്ട് ചേറൂർ ക്രൈസ്റ്റ് വില്ലയിൽ കുടുംബ ദിനത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

20. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിയ്യാരം വിജയമാതാ ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന്റെ മാമ്മോദിസ നടത്തി.

21. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന മൈനർ സെമിനാരി റെക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് മാർത്തോമ്മാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാളിനോട് അനുബന്ധിച്ചു പാലയൂരിൽ നടന്ന കടലും കരയും വെഞ്ചിരിപ്പിൽ മുഖ്യ കാർമ്മികനായി.

22–23 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഹൊസൂർ രൂപതയുടെ രൂപതാദിന വിശുദ്ധ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും തുടർന്ന് നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആ ദിവസങ്ങളിൽ രൂപതയിൽ സേവനം ചെയ്യുന്ന ഫാ. സിജു പുളിക്കൻ, ഫാ. മിഥുൻ വടക്കേത്തല എന്നിവരുടെ ഇടവകകൾ സന്ദർശിക്കുകയും അവരുടെ

പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പറോക്ക് റിസർച്ച് സെന്ററിന്റെ പത്താം വാർഷികത്തിൽ പങ്കെടുത്തു. തുടർന്ന് തൃശൂർ സെന്റ് തോമസ് യു പി സ്കൂളിൽ വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തു. വൈകീട്ട് സെന്റ് തോമസ് കോളേജിൽ വച്ച് നടന്ന സ്റ്റാഫ് ഫാമിലി മീറ്റിൽ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉജ്ജയിൻ സെമിനാരിയുടെ ഹോം ഡേയിൽ പങ്കെടുത്ത് വിശുദ്ധ ബലിയർപ്പിക്കുകയും ഹോം ഡേ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

24. പാലക്കാട് രൂപതയിൽ നടന്ന ഇന്റർ എപ്പാർക്കിയൽ കൂരിയ മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

25. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ മുതൽ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടന്ന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ശാന്തിധാം കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ മൈനർ സെമിനാരിയിൽ വച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വച്ച് നടന്ന പ്ലാറ്റിനം ജൂബിലി ഓർഗനൈസേഷൻ കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. വൈകിട്ട് ശക്തനിൽ ബോൺ നത്താലെ എക്സിബിഷന്റെ കാൽനാട്ടൽ കർമ്മം നിർവഹിച്ചു. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ അതിരൂപത കാര്യാലയത്തിൽ നടന്ന ആലോചന സമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ അതിരൂപതാ വൈദികരുടെ വിനോദയാത്രയിൽ പങ്കെടുത്തു.

27-30 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ നേതൃത്വത്തിൽ മലേഷ്യയിലെ പെനാങ്ങിൽ വെച്ച് നടന്ന, ഏഷ്യൻ മിഷൻ കോൺഗ്രസിൽ പങ്കെടുത്തു.


28. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുക്കാട്ടുക്കര ഇടവക ദേവാലയത്തിൽ ബലിപീഠ കൂദാശ കർമ്മം നടത്തി. വൈകീട്ട് മനക്കൊടി ഇടവക ദേവാലയത്തിൽ വിശുദ്ധ ബലി അർപ്പിക്കുകയും പ്രസുദേന്തി വാഴ്ച നടത്തുകയും ചെയ്തു. തുടർന്ന് വൈദിക പരിശീലന കമ്മിറ്റി മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു.

29. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട്

കുരിയച്ചിറ ഇടവക ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന്റെ മാമോദിസ നടത്തി. തുടർന്ന് ലൂർദ്പുരം ഒ എസ് ഫ് മഠം ചാപ്പൽ വെഞ്ചിരിപ്പ് നടത്തി.

30. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പടവരാട് പള്ളിയിൽ വച്ച് നടന്ന സ്നേഹോത്സവം ധ്യാനത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് ബസിലിക്ക പള്ളിയിൽ ആഘോഷമായ പൊന്തിഫിക്കൽ തിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികനായി. വൈകീട്ട്, മുളയം ഇടവക ദേവാലയത്തിന്റെ സിൽവർ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




ഡിസംബർ മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണം 13.12.2025–ൽ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ടു. തവളപാറയിൽനിന്നുള്ള ജിനി & ഫാമിലിയാണ് ഈ മാസത്തെ തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. കൊക്കാലെ, കണ്ണംകുളങ്ങര എന്നിവിടങ്ങളിൽനിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് ആരാധനയ്ക്കും ജപമാലയ്ക്കും നേതൃത്വം നടത്തിയത്. ക്രിസ്തുരാജ ഇടവക കണ്ണംകുളങ്ങര, സെന്റ് അഗസ്റ്റിൻസ് യൂണിറ്റ് കൊക്കാലെ എന്നീ ഇടങ്ങളിൽ നിന്നുള്ള വിശ്വാസിഗണവും ആദ്യന്തം തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. തൃശ്ശൂർ അതിരൂപതാംഗവും ചേറൂർ ക്രൈസ്റ്റ് വില്ല ഡയറക്ടറും അതിരൂപതാ കെ.സി.വൈ.എം ഡയറക്ടറുമായ ബഹു. സാജൻ വടക്കനച്ച

നാണ് വിശുദ്ധ ബലിക്ക് മുഖ്യകാർമ്മികനായത്. അദ്ദേഹത്തിന്റെ സന്ദേശത്തിൽനിന്നും :

ആര് വിജയിക്കും ആര് പരാജയപ്പെടും എന്ന ആകാംക്ഷയോടെ തെരഞ്ഞെടുപ്പ് ഫലം കാത്തിരിക്കുന്ന ഈ ദിവസത്തിൽ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ഒരുപോലെ വിജയിച്ച ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ പാദസ്പർശനമേറ്റ മണ്ണിലാണ് നാം ഇപ്പോൾ ആയിരിക്കുന്നത്. അദ്ദേഹം വഴി ലഭിച്ച നന്മകൾക്ക് നന്ദി പറയുവാനും അദ്ദേഹത്തിന്റെ മധ്യസ്ഥം വഴി നമ്മുടെ പ്രാർത്ഥനകൾ യേശുവിന് സമർപ്പിക്കാനും നമുക്കിപ്പോൾ ശ്രമിക്കാം. ഇന്നത്തെ തിരുവചനം നമ്മോട് പറയുന്നു: 'മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയുമെന്ന് '. അങ്ങനെ കർത്താവിനെ ഏറ്റുപറഞ്ഞതുകൊണ്ടാണ് ഇന്നീ ധന്യാത്മാവിന്റെ കബറിടത്തിലേക്ക് അനേകരെ ദൈവം ആകർഷിച്ചുകൊണ്ടുവരുന്നത്. ഊക്കനച്ചൻ ഏവർക്കും ഒരനുഗ്രഹമായിരുന്നു. പാവപ്പെട്ടവരിലും ആലംബഹീനരിലും ദൈവത്തിന്റെ മുഖം അദ്ദേഹത്തിന് കാണാൻ കഴിഞ്ഞതിലൂടെയും അവർക്കുവേണ്ടി നിലകൊള്ളുവാൻ സാധിച്ചതിലൂടെയും മറ്റുള്ളവരുടെ കുറവുകളെ നിറവുകളാക്കി മാറ്റുവാൻ പരിശ്രമിച്ചതിലൂടെയുമാണ് അദ്ദേഹമൊരു അനുഗ്രഹമായിത്തീർന്നത്. ക്രിസ്തുസ്നേഹവുമായി പരസ്നേഹപ്രവർത്തികൾ തുടരുവാൻ ചാരിറ്റി സന്യാസിനിസമൂഹത്തെ സ്ഥാപിച്ചു. താനായിരുന്ന ചുറ്റുപാടുകളിൽ ചെയ്യേണ്ട നന്മയെന്തെന്ന് അറിഞ്ഞ് സാധിക്കുന്നിടത്തോളം നന്മ ചെയ്തു. അതൊക്കെ അദ്ദേഹത്തെ ദൈവതിരുമുമ്പിൽ വിലയുള്ളവനാക്കി മാറ്റി. വെറും യാന്ത്രികതയിൽ ഒതുങ്ങാതെ ബോധ്യത്തോടുകൂടി വിശ്വാസത്തിന്റെ പാതയിൽ ഊക്കനച്ചൻ സഞ്ചരിച്ചു. നമ്മുടെയും ജീവിതസാഹചര്യങ്ങൾ നമുക്ക് നന്മയുടേതാക്കി മാറ്റാം. വിശ്വാസത്തിൽ വളർന്ന്, സാധ്യമായ നന്മകൾ ചെയ്ത്, ദൈവതിരുമുമ്പിൽ വിലയുള്ളവരായി മാറി, ധന്യനായ ഊക്കനച്ചനെപ്പോലെ അപരന്റെ ജീവിതത്തിൽ അനുഗ്രഹമായി നമുക്കും മാറാം. അദ്ദേഹം നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ!

ചൊവ്വന്നൂർ ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ ഏവർക്കും സ്വാഗതവും നന്ദിയും പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



തിന്മ നിറഞ്ഞ ജീവിതം ഒഴിവാക്കുവാൻ ഈ പുതു വർഷത്തിന്റെ ആരംഭത്തിൽ അന്തോണിയച്ചൻ നല്കുന്ന സന്ദേശം നമുക്കു ശ്രവിക്കാം.

പാപം (ദോഷം) വലിയ ദ്രോഹമാണ്. പറഞ്ഞുമനസ്സി ലാക്കാൻ ഒരു വിധത്തിലും പ റ്റാത്ത വിധത്തിൽ മഹാതിന്മ യാണ്. ദൈവത്തെ ഇല്ലാതാ ക്കുന്നതാണ്. എല്ലാ നന്മക ളെയും യോഗ്യതകളെയും ഒന്നായി നശിപ്പിക്കുന്നതാണ്. ഭയത്തെ വരുത്തുന്നതാണ്. ഒരു ഇടി വെട്ടുന്നു. പാപത്തി ലിരിക്കുന്നവൻ ഭയപ്പെടുന്നു. ഒരു രോഗം പിടിപെടുന്നു. അവൻ വീണ്ടും ഭയപ്പെടുന്നു. പകർച്ചവ്യാധിക്കാരന് കൂദാശ കളെ കൊടുക്കാൻ പോകുന്ന തിന് നിർബന്ധിതനാകുന്നു. അവൻ രോഗം പിടിപെട്ടു പെ ട്ടെന്നു മരിച്ചാൽ സ്ഥിതി എന്തായി.... പാപം ഭീകര പിശാചിന്റെ കോലമാക്കി ഒരുവനെ പകർത്തുന്നു. എന്നാൽ പാപത്തെപ്പറ്റി ഇത്ര യൊന്നും വിചാരിച്ചാൽ പോര. പാപത്തിന്റെ ഭയങ്ക രത്വം മനസ്സിലാക്കുന്നതിന് നമ്മുടെ ഉയർച്ച

മനസ്സിലാക്കണം. ഉയരത്തിന്റെ സ്ഥിതി പോലെയാണല്ലോ വീഴ്ച യിൽ നിന്നും കേടു പറ്റുന്നത്. ഒരു കോൽ ഉയരത്തിൽ നിന്നും വീണാൽ സാധാരണ ഒന്നും പറ്റുന്നില്ല. നാലോ അഞ്ചോ കോൽ ഉയരത്തിൽ നിന്നായാൽ വളരെ (പരിക്ക്) പറ്റും.

1. സൃഷ്ടികർമ്മത്തിനു ശേഷം ദൈവം നോക്കി 'നന്നായി' എന്നു പറയുന്നു. ഇത് തന്റെ ഛായയായ മനുഷ്യനെ കണ്ടുകൊണ്ടാണ് പ്രത്യേകിച്ചു പറഞ്ഞത്. പ്രകൃതിക്കടുത്ത വിധത്തിൽത്തന്നെ മനുഷ്യനെ സങ്കല്പ്പിച്ചാലും അവനെ വളരെ ഉയർത്തി യിരിക്കുന്നു.

2. എന്നാൽ മനുഷ്യനെ ദൈവേഷ്ടപ്രസാദത്താൽ എത്ര ഉയർത്തി! ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ പിതാവും അവനെ സ്നേഹിക്കുകയും ഞങ്ങൾ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും (യോഹ: 14, 23). ദൈവേഷ്ടപ്രസാദത്താൽ മനുഷ്യൻ ദൈവാലയമായിത്തീരുന്നു. ദൈവത്തോട് ഗാഢമായി ചേരുന്നു. അവൻ ദൈവത്തിന്റെ ജനമായിത്തീരുന്നു. എന്താണ് ദൈവത്തിന്റെ ജനമാകുകയെന്നാൽ? നാല്പതു വർഷം ജനത്തെ ഈജിപ്തിൽ നിന്നും രക്ഷിച്ചു. അനേക അത്ഭുതങ്ങളാലും അനുഗ്രഹ വർഷത്താലും പരിപാലിച്ചതിനു ശേഷമാണ് ഇസ്രായേൽക്കാരെ തന്റെ ജനമെന്നു പറയുന്നത്. എങ്കിൽ ദൈവേഷ്ടപ്രസാദത്തിലുള്ളവനെ ഓസിയാ പ്രവാചകൻ പറയുന്നതുപോലെ തന്റെ ജനമെന്നു പറയുന്നെങ്കിൽ എത്ര ഉയർച്ച യാണത്. ഉത്തമഗീതത്തിൽ 'സ്നേഹിതൻ' 'മണവാട്ടി' പോരാ ' പുത്രൻ' എന്നു തന്നെയും പറയപ്പെട്ടിരിക്കുന്നു.

3. ഇപ്രകാരമെങ്കിൽ ഒരു വൈദികൻ എന്താകുന്നു. പിതാവിന്റെ വലതു ഭാഗത്തുനിന്ന് പുത്രൻ ഇറങ്ങുന്നതിന് വൈദികൻ കല്പി ക്കുന്നു. ദൈവം ഇറങ്ങി വരുന്നു. ഇപ്രകാരമെങ്കിൽ വൈദികന്റെ വീഴ്ച എത്രയോ വലുതാണ്. വൈദികൻ വീഴുന്നത് സ്വർഗ്ഗത്തിൽ നിന്നാണ്. ഒരു മനുഷ്യൻ (ക്രിസ്ത്യാനി) പാപം ചെയ്യുന്നെങ്കിൽ അവന്റെ ഒരു കാലോ കൈയ്യോ ഒടിയുന്നുവെന്ന് വിചാരിക്കാം. എന്നാൽ ഒരു വൈദികൻ വീഴുമ്പോൾ അവൻ ഭസ്മമായി പോകുന്നു (ഉയർച്ച അത്രയും വലുത്).

NB: ഫാ. പോൾ പുളിക്കൻ രചിച്ച ദൈവദാസൻ അന്തോണി തച്ചുപറമ്പിലച്ചന്റെ ജീവചരിത്രം ദൈവത്തിന്റെ തച്ചൻ, തച്ചുപറ മ്പിൽ അന്തോണിയച്ചൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡിസംബർ 22ന് (അന്തോണിയച്ചന്റെ പൗരോഹിത്യ സ്വീകരണ ദിനം) ചേലക്കര സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് പ്രകാശനം ചെയ്തു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

## മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

**മാർതോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാൾ;**

സാന്ത്വനതീരത്ത് ആയിരങ്ങൾ പങ്കെടുത്തു. രാവിലെ 6.30 ന് വിശുദ്ധ കുർബാന, ലദീഞ്ഞ്, നൊവേന, രൂപം എഴുന്നെള്ളിച്ചു വെക്കൽ എന്നീ ശുശ്രുഷകൾ തീർത്ഥ കേന്ദ്രത്തിൽ നടന്നു.

വൈകീട്ട് 5 ന് ബ്ലാങ്ങാട് സാന്ത്വന തീരം കപ്പേള കവാടത്തിൽ തൃശൂർ അതിരൂപത ആർച്ച് സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലിന് സ്വീകരണം നൽകി. തുടർന്ന് പാലയൂർ തീർത്ഥകേന്ദ്രം ഇടവകയുടെ നേതൃത്വത്തിൽ പാരമ്പരാഗത ക്രിസ്തീയ കലാരൂപങ്ങളുടെ അകമ്പടിയോടെ കടൽ തീരത്തേക്ക് പ്രദക്ഷിണവും ഉണ്ടായിരിന്നു.

തുടർന്ന് പ്രദക്ഷിണമായി കടൽ തീരത്ത് വന്ന് മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് കൊണ്ട് കരയും കടലും ആശീർവദിച്ചു. മത്സ്യ തൊഴിലാളികളുടെ വള്ളം, ബോട്ട്, വല എന്നിവയും വെഞ്ചിരിച്ചു.തിരുന്നാളിന്റെ ഭാഗമായി സാന്ത്വന തീരം കപ്പേളയിലെ തിരുക്കർമങ്ങൾക്ക് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമികത്വം നൽകി. അഭിവന്ദ്യ പിതാവ് ഭാരത പ്രവേശന തിരുന്നാളിന്റെയും, മത്സ്യതൊഴിലാളിദിനത്തിന്റെയും ആശംസകൾ നേർന്നു. ചടങ്ങിൽ മത്സ്യ തൊഴിലാളികളുടെ തൊഴിൽമേഖലയും, ആത്മീയതയും ബന്ധപ്പെടുത്തികൊണ്ട് ചിത്രപ്രദർശനവും, സ്നേഹ വിരുന്നും ഉണ്ടായിരുന്നു.ഭാരത പ്രവേശന തിരുന്നാളിന്റെ ഭാഗമായി തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മത്സ്യബന്ധന തൊഴിലാളികൾക്കുള്ള സൗജന്യമായി ആരോഗ്യ പരിശോധനകളും, മരുന്ന് വിതരണവും ഉണ്ടായിരുന്നു.

തീർത്ഥകേന്ദ്രം ആർച്ച്പ്രിസ്റ്റ് റവ. ഫാ. ഡേവീസ് കണ്ണമ്പുഴ, സാന്ത്വനം ഡയറക്ടർ ഫാ. ജോജു ആളൂർ അസോസിയേറ്റ് ഡയറക്ടർ ജോസ് വട്ടാക്കുഴി, അസി. ഡയറക്ടർ ഫാ ഡിക്സൺ കൊളമ്പ്രത്ത്,

തീർത്ഥകേന്ദ്രം സഹ വികാരി ഫാ.ക്ലിന്റ് പാണെങ്ങാടൻ, കൺവീനർ ജോസ് പനക്കൽ, ടോണി ആന്റണി,നടത്തു കൈക്കാരൻ സേവ്യർ വാകയിൽ, ഇടവക ട്രസ്റ്റിമാരായ ഫ്രാൻസിസ് ചിരിയംകണ്ടത്ത്, ഫ്രാൻസി ചൊവ്വല്ലൂർ, ഹൈസൺ പി എ, സുമൻ, രജനി, വൈദീകർ, മത്സ്യ തൊഴിലാളികൾ, പാലയൂർ ഇടവകയിലെ വിവിധ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ഡേവീസ് കണ്ണമ്പുഴ**
ആർച്ച്പ്രീസ്റ്റ്

## വൈദികർ




| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 07 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 09 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 10 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. റിജോ വിതയത്തിൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജീൻ ചിറയത്ത് | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 25 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 30 |

## നാമഹേതുക തിരുനാൾ
# FEAST DAY

| | |
|---|---|
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ആഡ്‌വിൻ ഐനിക്കൽ | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. ഏബിൾ ചിറമ്മൽ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. പ്രിൻസ് ചിരിയങ്കത്ത് | 20 |
| ഫാ. ജോജു ചിരിയങ്കത്ത് | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെയ്സൻ മുരോപുറം | 20 |
| ഫാ. സിനോജ് നീലങ്കാവിൽ | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. ആൽവിൻ പട്ട്യേക്കൽ | 20 |
| ഫാ. ജിനു പയ്യപ്പിള്ളി | 20 |
| ഫാ. ജെയ്സൻ പഴയേടത്ത് | 20 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

## ചരമദിനങ്ങൾ

# DEATH DAY

| | |
|---|---|
| ഫാ. ഇരിമ്പൻ ഗീവർഗ്ഗീസ് | 01.01.1917 |
| ഫാ. പോട്ടോക്കാരൻ ജേക്കബ് | 02.01.1968 |
| ഫാ. എലുവത്തിങ്കൽ ജോൺ | 02.01.1990 |
| ഫാ. മേനാച്ചേരി സിറിയക് | 04.01.1975 |
| ഫാ. കിടങ്ങൻ മാത്യു | 04.01.1989 |
| ഫാ. ചാഴൂർ ജോസഫ് | 04.01.2014 |
| ഫാ. മേച്ചേരി ഔസേപ്പ് | 06.01.1916 |
| ഫാ. ചാലക്കൽ ആന്റണി | 06.01.2009 |
| ഫാ. തരകൻ ആന്റണി | 07.01.1992 |
| ഫാ. ആലപ്പാട്ട് പോൾ Sr. | 08.01.2005 |
| ഫാ. പൊറത്തൂർ ലാസർ | 08.01.2006 |
| ഫാ. മഞ്ഞളി ഇഗ്നേഷ്യസ് | 10.01.1952 |
| ഫാ. പാലയൂർ മാത്യു | 10.01.1972 |
| ഫാ. എടത്തുരുത്തിക്കാരൻ ജോൺ | 11.01.1948 |
| മോൺ. തലച്ചിറ തോമസ് | 11.01.2014 |
| ഫാ. തേർമഠം സെബാസ്റ്റ്യൻ | 13.01.1997 |
| ഫാ. ചാലക്കൽ ലൂവീസ് | 15.01.2021 |
| ഫാ. അന്തിക്കാട്ട് നിക്കോളസ് | 17.01.2016 |
| ഫാ. മണവാളൻ ജോസഫ് | 18.01.1950 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.01.1985 |
| ഫാ. ആളൂർ പോൾ | 21.01.1982 |
| മോൺ. അക്കര ജോർജ്ജ് | 21.01.1983 |
| ഫാ. കുണ്ടുകുളം പീറ്റർ | 23.01.1976 |
| ഫാ. മഞ്ഞളി ജോസഫ് ഡി. | 23.01.2006 |
| ഫാ. ആന്റണി തെക്കിനിയത്ത് | 27.01.2022 |
| ഫാ. മഞ്ഞളി ജേക്കബ് | 30.01.1984 |
| ഫാ. ആന്റണി തോട്ടാൻ | 30.01.2022 |
| ഫാ. തേറാട്ടിൽ പൊറിഞ്ചു | 31.01.1941 |
| ഫാ. ജോസ് ടി. ചിറ്റിലപ്പിള്ളി | 31.01.2022 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

2025 നവംബർ 22 ന് കോലഴി സി.എം.സി. നിർമ്മല പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 35 വയസ്സിനും 55 വയസ്സിനും ഇടയിലുള്ള സമർപ്പിതർക്കായി ഏകദിന സെമിനാർ നടത്തപ്പെട്ടു. റവ. ഡോ. സി. ഷാന്റി തോമസ് Middle Age crisis എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. സെമിനാറിൽ 160 പേർ സംബന്ധിച്ചു. സി.ആർ.ഐ എക്സിക്യൂട്ടീവ് അംഗങ്ങൾ തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. 2025 ഡിസംബർ 12 ന് പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് നടന്ന കേരള സഭാതല ജൂബിലിയാഘോഷ പരിപാടിയിൽ സി.ആർ.ഐ എക്സിക്യൂട്ടീവ് അംഗങ്ങൾ സംബന്ധിച്ചു.

**എഫ്.സി.സി**

2025 നവംബർ 15-ാം തീയതി മനക്കൊടി സെന്റ് ജോസഫ്സ് ഇടവകദേവാലയത്തിൽവെച്ച് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് മധ്യേ 4 നോവീസസ് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനം ചെയ്തു. 16-ാം തീയതി തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടന്ന FCC Health Fraternity Meeting ൽ ബ. ഫാ. ബിജു ജോസഫ് ആലപ്പാട്ട് ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ 43 വർഷത്തെ മഹത്തായ സേവനത്തിനുള്ള ഡോക്ടർ റോബർട്ട് എച്ച് കാർമാൻ അവാർഡിന് അർഹയായ സി. ഒലിവയെയും പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെയും പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ ആദരിച്ചു. നവംബർ 18-28 വരെ അരിമ്പൂർ

ഇടവകയിൽ നടന്ന ഹോം മിഷൻ പരിപാടിയിൽ 106 സിസ്റ്റേഴ്സ് പങ്കെടുത്തു. നവംബർ 19 ന് തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ ആരംഭിച്ച ത്രിദിന വചനാമൃത ധ്യാനത്തിൽ മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഹയർ സെക്കന്ററി സ്കൂളിലെ 44 വിദ്യാർത്ഥികൾ സംബന്ധിച്ചു. നവംബർ 22-ാം തീയതി CRI യൂണിറ്റിന്റെ നേതൃത്വത്തിൽ കോലഴി സി.എം.സി. നിർമല പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 35 വയസ്സിനും 55 വയസ്സിനും ഇടയിലുള്ള സമർപ്പിതർക്കായി സംഘടിപ്പിച്ച ഏകദിന സെമിനാറിൽ അസ്സീസി പ്രോവിൻസിൽ നിന്ന് 35 സിസ്റ്റേഴ്സ് പങ്കെടുത്തു. നവംബർ 28-ാം തീയതി തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽവെച്ച് നടന്ന ദ്വിദിന ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസിൽ തൃശൂർ മേജർ സെമിനാരി റെക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ചാലക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സി.എം.സി**

സി.എം.സി മാനേജ്മെന്റിന്റെ വിദ്യാലയങ്ങളിൽ വിശ്വാസരൂപികരണത്തിന്റെ ഭാഗമായി RHEMA Living Project വഴി വിദ്യാർത്ഥികളെ വചനം പഠിപ്പിക്കുന്നു. Nirmala media യുടെ നേതൃത്വത്തിൽ ലഹരിക്കെതിരായിട്ട് Reels Competition College & School വിദ്യാർത്ഥികൾക്കായി നടത്തി. വിശ്വാസരൂപികരണ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനു വേണ്ടി ജനറൽ തലത്തിൽ രാമല്ലൂർ സാൻജോ ഭവൻ റിന്യുവൽ റിട്രീറ്റ് സെന്ററിൽ വെച്ച് നടത്തിയ ഒരാഴ്ചത്തെ ട്രെയിനിങ്ങ് പ്രോഗ്രാമിൽ 6 സിസ്റ്റേഴ്സ് പങ്കെടുത്തു. സി.എം.സി സംയോജനദിനമായ 16 ന് എല്ലാ സി.എം.സി. ഭവനങ്ങളിലും പ്രത്യേകം ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും നാളിതുവരെ ദൈവം തന്ന ദാനങ്ങൾക്കായി നന്ദി പറയുകയും ചെയ്തു. 18-ാമത് പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിലിന്റെ രണ്ടാം സമ്മേളനം കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന ക്രൈസ്തവ വേട്ട അവസാനിപ്പിക്കുക. J.B കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുക, അധ്യാപക നിയമന പ്രതിസന്ധിയിൽ സർക്കാരിന്റെ നീതി രഹിത വിവേചനം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച ജാഗ്രത സമ്മേളനത്തിൽ എഡ്യുക്കേഷൻ കൗൺസിലർ സി. പ്രസന്നയും കോപ്പറേറ്റീവ് മാനേജർ സി. സ്റ്റെല്ല റോസും, സിസ്റ്റേഴ്സും, ടീച്ചേഴ്സും പങ്കെടുത്തു. വി.കുര്യാക്കോസ് ഏലിയാസ് ചാവറ, വി. എവുപ്രാസ്യമ്മ എന്നിവരുടെ വിശുദ്ധപദ പ്രഖ്യാപനത്തിന്റെ 11-ാം വാർഷികം നവംബർ 22 ന് ഒല്ലൂർ വി. എവുപ്രാസ്യ തീർഥകേന്ദ്രത്തിൽ വെച്ച് ആഘോഷിച്ചു. പ്രോവിൻസിലെ വിവിധ മഠങ്ങളിൽ നിന്നും

കഴിഞ്ഞ 25 വർഷത്തിനുള്ളിൽ മരണംമൂലം വേർപിരിഞ്ഞ സിസ്റ്റേഴ്സിന്റെയും, ചേടത്തിമാരുടെയും കുടുംബാംഗങ്ങളുമായുള്ള ബന്ധം നിലനിർത്തുന്നതിന്റെ ഭാഗമായി എല്ലാ മഠങ്ങളിലും ഇവരുടെ ബന്ധുമിത്രാദികളെ ഒന്നിച്ചുകൂട്ടുകയും വി. കുർബാനയും ഒപ്പീസും ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. 1971 മുതൽ 1979 വരെ ആദ്യവ്രതം ചെയ്ത തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാട്, കോയമ്പത്തൂർ, എന്നീ പ്രോവിൻസുകളിലെ സിസ്റ്റേഴ്സിന്റെ സംഗമം നടത്തി. വിശ്വാസരൂപികരണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സിസ്റ്റേഴ്സിനെ കോലഴിയിൽ ഒന്നിച്ചുകൂട്ടി ക്ലാസ്സുകൾ നൽകി. 22 ന് CRI Meeting കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. 29 ന് ലോക്കൽ കൗൺസിൽ മീറ്റിംഗ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

## സി.എച്ച്.എഫ്

09.11.2025 ഞായറാഴ്ച സെന്റ് തോമസ് കോളേജിൽ തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന സമുദായ ജാഗ്രത സദസ്സിൽ സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലും സിസ്റ്റേഴ്സും പങ്കെടുത്തു. തൃശ്ശൂർ അതിരൂപത ഫാമിലി അപ്പസ്തോലേറ്റും സി. എച്ച്. എഫ്. നവജ്യോതി IFDF ഉം ചേർന്ന് ഗർഭിണികൾക്കായി നടത്തുന്ന ഏലീശ്വ സഹഗമന കൂട്ടായ്മ നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസ് പാറന്നൂർ, പീച്ചി, മുക്കാട്ടുക്കര, കാച്ചേരി, ഒറീസയിലെ നായ്ഗഡ്, ബദ്രക്ക്, ഒടുങ്ങ എന്നീ ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തുകയും കട്ടക് രൂപതാധ്യക്ഷനെ സന്ദർശിക്കുകയും ചെയ്തു. വി. മറിയം ത്രേസ്യായുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ ശതാബ്ദി വാർഷികത്തോടനുബന്ധിച്ച് നവജ്യോതി പ്രോവിൻസും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ്, 2000 മുതൽ വിവാഹിതരും അഞ്ചും അതിൽ കൂടുതൽ മക്കളുമുള്ളവരുടെ കുടുംബസമ്മേതമുള്ള സംഗമം 'Big Family Meet', അതിരൂപതയിലെ ദേവാലയ ശുശ്രൂഷകരുടെ സംഗമം എന്നിവ സംഘടിപ്പിച്ചു. 22.11.2025 ശനിയാഴ്ച നവജ്യോതി പ്രൊവിൻഷ്യലേറ്റ് ഭവനത്തിൽ നിന്നും മരിച്ചു പോയ സിസ്റ്റേഴ്സിന്റെ വീട്ടുകാരെ ഒന്നിച്ചുകൂട്ടി മരിച്ചവർക്ക് വേണ്ടിയുള്ള ദിവ്യബലിയും അവരുടെ കബറിടത്തിങ്കൽ ഒപ്പീസും നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസും പ്രൊവിൻഷ്യൽ ഓഡിറ്റർ സി. ലിറ്റ്സി വർഗ്ഗീസും ഒറീസ മിഷനിലെ ഭവനങ്ങൾ കാനോനിക സന്ദർശനം നടത്തുന്നതിനായി പോയി. 30.11.2025 ഞായറാഴ്ച നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിലെ

സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുടെ സംഗമം നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. നവ ജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് അർത്ഥിനികളെ ഫസ്റ്റ് ഇയർ നോവിഷ്യേറ്റിലേയ്ക്ക് പ്രവേശിപ്പിച്ചു. നവജ്യോതി പ്രോവിൻസിന്റെ സുവർണ്ണ ജൂബിലിയുടെ ത്രിവർഷ ഒരുക്കമായും (2028) ഈശോയുടെ തിരുപ്പിറവിയുടെ മഹാജൂബിലി സമ്മാനമായും വി. മറിയം ത്രേസ്യായുടെ സ്വർഗ്ഗപ്രവേശനത്തിന്റെ ശതാബ്ദി സ്മരണയുമായും നവജ്യോതി പ്രോവിൻസിലെ ഓരോ ഭവനത്തിലെയും ഭവനാംഗങ്ങൾ ചേർന്ന് പകർത്തിയെഴുതിയ പുതിയ നിയമം ബൈബിൾ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 03.12.2025 ബുധനാഴ്ച നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ദിവ്യബലി മധ്യേ ബൈബിൾ പ്രതിഷ്ഠ നടത്തി. 04.12.2025 വ്യാഴാഴ്ച സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 100 മണിക്കൂർ ആരാധന എമിരറ്റസ് മാർ ബോസ്കോ പുത്തൂരിന്റെ കാർമികത്വത്തിൽ നടന്ന ദിവ്യബലിയോടെ ആരംഭിച്ചു. നാലര ദിവസം നീണ്ടു നിന്ന ആരാധനയിൽ സി. എച്ച്. എഫ്. നവ ജ്യോതി പ്രോവിൻസിലെ എല്ലാ ഭവനങ്ങളും പങ്കുചേർന്നു.

**എസ്.എ.ബി.എസ്**

പ്രൊവിൻസിന്റെ രജത ജൂബിലിയോടനുബന്ധിച്ച് തെരുവിൽ കഴിയുന്ന ഏകദേശം 28 മക്കൾക്ക് വേണ്ടി ഒരു മീറ്റ് സംഘടിപ്പിക്കുകയും ബഹുമാനപ്പെട്ട മദർ മേഴ്സിറ്റ കണ്ണമ്പുഴ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സിസ്റ്റേഴ്സ് അടങ്ങുന്ന മെഡിക്കൽ സംഘത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ ചെക്കപ്പ് നടത്തി ആവശ്യമായ മരുന്നുകളും ടെസ്റ്റുകളും നൽകി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ഏർപ്പെടുത്തിയ പ്രിൻസിപ്പൽ എക്സലൻസ് അവാർഡിന് നിർമ്മല മാതാ സെൻട്രൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിൻസ മരീയ പാറേക്കാടൻ അർഹയായി. അതിരൂപതാ തലത്തിൽ നടന്ന ലോഗോസ് ക്വിസിന് സിസ്റ്റർ ലീ മേരി ചിറ്റിലപ്പിള്ളി നാലാം റാങ്കും സിസ്റ്റർ ആൻസി ജോസ് അഞ്ചാം റാങ്കും കരസ്ഥമാക്കി. എട്ടാം തീയതി പ്രൊവിൻസിന്റെ രജത ജുബിലി വർഷാചരണത്തോടനുബന്ധിച്ച് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ചെന്നായിപ്പാറ ദിവ്യഹൃദയാശ്രമം ഡയറക്ടർ റവ. ഫാദർ ജോഷി കണ്ണമ്പുഴ എം.സി.ബി.എസ് നയിച്ച ഏകദിന കൺവെൻഷനിലും ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും മഠങ്ങളുള്ള ഇടവകകളിൽ നിന്നും ധാരാളം ദൈവജനം പങ്കെടുത്തു. ഒൻപതാം

തീയതി തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നടന്ന സമുദായ ജാഗ്രതാ സദസ്സിൽ സി. ലിനറ്റ് ചാലക്കൽ സി. സ്റ്റെഫി കണ്ണമ്പുഴ എന്നിവർ പങ്കെടുത്തു. 15-ാം തീയതി പ്രൊവിൻസിന്റെ രജത ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് പ്രൊവിൻസിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങ ളിലും ജോലി ചെയ്യുന്ന സ്റ്റാഫിന്റെയും സിസ്റ്റേഴ്സിന്റെയും സംഗമം തൃശ്ശൂർ നിർമ്മല മാതാ സ്കൂളിൽ വെച്ച് നടത്തി. 22-ാം തീയതി രജത ജൂബിലി വർഷത്തോടനുബന്ധിച്ച് സിസ്റ്റേഴ്സിന്റെ ഫാമിലി ഗാതറിങ്ങ് നടത്തി. പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ ദിനം ബഹു. മദർ മേഴ്സിറ്റ കണ്ണമ്പുഴയുടെ നാമഹേതുക തിരുനാളും പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിതമായ നിർമ്മൽ റാണി പ്രൊവിൻസിന്റെ പ്രൊവിൻസ് ഡേയും സംയുക്തമായി ആഘോഷിച്ചു. 30-ാം തീയ്യതി Postulants ന്റെ പേരെന്റ്സ് മീറ്റ് നടത്തി.

**സി. എസ്. എസ്.**

ജറുസലെം ധ്യാനകേന്ദ്രത്തിൽ വച്ച് സിസ്റ്റേഴ്സിനായി നവംബർ 4 മുതൽ 9 വരെ വാർഷികധ്യാനം നടത്തപ്പെട്ടു. സമരിറ്റൻ സന്യാസിനിസമൂഹത്തിന്റെ സ്ഥാപകപിതാവ് മോൺ. പോൾ ചിറ്റിലപ്പിള്ളിയ്ക്കും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട സിസ്റ്റേഴ്സിനായും നവംബർ 8 ന് നടത്തിയ വി. കുർബാനയിൽ സ്ഥാപകപിതാവിന്റെയും സിസ്റ്റേഴ്സിന്റെയും കുടുബാംഗങ്ങളും സിസ്റ്റേഴ്സും പങ്കെടുക്കുകയും ചെയ്തു. സിസ്റ്റേഴ്സിനായി നവംബർ 11 ന് fraternal gathering നടത്തപ്പെടുകയും Rev. Fr. Joice SDB ക്ലാസ്സിന് നേതൃത്വം നല്കുകയും 22 സിസ്റ്റേഴ്സ് അതിൽ പങ്കെടുക്കുകയും ചെയ്തു. ഈ വർഷം സന്യാസസമർപ്പിതജീവിതത്തിന്റെ സുവർണ്ണ രജത ജൂബിലി ആഘോഷിക്കുന്ന 8 സിസ്റ്റേഴ്സിനായി മണ്ണുത്തി ഹോളിസ്പിരിറ്റ് ജനറലേറ്റിൽ നവംബർ 16 ന് നടത്തിയ ജൂബിലി ആഘോഷങ്ങൾക്ക് ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. സ്നേഹോദയ പ്രൊവിൻസിന്റെ പ്ലീനറി മീറ്റിങ്ങ് നവംബർ 18, 19 തിയ്യതികളിൽ നടത്തപ്പെടുകയും ചെയ്തു.

**സി.എസ്.എം**

നവംബർ 2 തൃശ്ശൂർ ലൂർദ് പള്ളി തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ സമർപ്പിത സംഗമത്തിൽ, തൃശ്ശൂരിലുള്ള ലൂർദ്നാഥ, ഹോളി സ്പിരിറ്റ്, സ്നേഹഭവൻ എന്നീ കോൺവെന്റുകളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. 6/11/25 -ൽ തൃശ്ശൂർ അതിരൂപതയുടെ മേരിമാത മേജർ സെമിനാരിയിൽ വെച്ച് നടത്തിയ ഹോംഡെയിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ റോസിൻ

ജോസും, സി. മെറിനും സംബന്ധിച്ചു. 7/11/25ൽ മുളയം സെന്റ് പീയൂസ് നോവിഷ്യറ്റ് ഹൗസിൽ ശിൽപ, ഖുഷ്ബു, റീന എന്നിവർ ഒരു വർഷത്തെ കാനോനിക നോവിഷ്യറ്റ് പൂർത്തിയാക്കി. നവംബർ 8 ന്, സി.എസ്.എം സ്ഥാപക പിതാവിന്റെ 65-ാം അനുസ്മരണ ദിനാഘോഷം പൊന്നുക്കര അസംപ്ഷൻ കോൺവെന്റിൽ വച്ച് നടത്തി. വിശുദ്ധ കുർബാനയ്ക്ക് ശേഷം ബഹു. സി. ദീപ്തി ടോം എഴുതിയ 'ബഥനിയിലെ മർത്തായുടെ കുടുംബം' എന്ന പുസ്തകത്തിന്റെ പ്രകാശനവും, മുളയം നോവിഷ്യേറ്റ് ഹൗസിലെ നോവിസസിന്റെ 'പ്രത്യാശയുടെ ചിറകുകൾ' എന്ന കയ്യെഴുത്ത് മാസികയുടെ പ്രകാശനവും നിർവഹിക്കപ്പെട്ടു. ബഹു. സി. പ്രീമ മാത്യൂ എഴുതിയ 'സർവ്വശക്തന്റെ തണലിൽ' എന്ന പുസ്തകത്തെ ആധാരമാക്കി Gracious, Quiz 2k25 സംഘടിപ്പിക്ക പ്പെട്ടു. ഇരു പ്രൊ വിൻസുകളിൽ നിന്നും 60 ബഹു. സിസ്റ്റേഴ്സ് പങ്കെടുത്തു. 9/11/25 -ൽ തൃശ്ശൂർ അതിരൂപത സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ ജാഗ്രത സമ്മേളനത്തിൽ ഏതാനും സിസ്റ്റേഴ്സ് പങ്കെടുത്തു. നവംബർ 15 സ്ഥാപക പിതാവിന്റെ ചരമദിനമായ നവംബർ 15 ന് സെന്റ് ആൻസ് പള്ളിയിലെ വി. കുർബാനയിലും ഒപ്പീസിലും ബഹു. സിസ്റ്റേഴ്സ് പങ്കെടുത്തു.

നവംബർ 22 CRI യുടെ നേതൃത്വത്തിൽ കോലഴി സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച ക്ലാസിൽ 15 സിസ്റ്റേഴ്സ് സംബന്ധിച്ചു. നവംബർ 23 പുതുക്കാട് മേഖലയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ സംഗമം സി.എസ്.എം. കൃപാഭവൻ ജനറലേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ബഹു. ഫാ.ജോഷി കണ്ണമ്പുഴ ക്ലാസ്സിന് നേതൃത്വം നൽകി. നവംബർ 25 ജെറുസലേം ധ്യാന കേന്ദ്രത്തിൽ വെച്ച് നടത്തിയ ആനിമേറ്റേഴ്സ് സംഗമത്തിൽ ബഹു. സി. ദീപ്തി ടോം സംബന്ധിച്ചു.

## സി.എസ്.സി

1. മരിയ പ്രവിശ്യയുടെ സ്വർഗീയ മധ്യസ്ഥയായ കാണിക്ക മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് നവംബർ എട്ടാം തീയതി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ 13 മണിക്കൂർ ആരാധനക്ക് ബഹു. ഫാ. റാഫേൽ മുത്തുപീടിക നേ തൃത്വം നൽകി. നവംബർ 15ന് സാഘോഷം കൊണ്ടാടിയ പ്ര വിശ്യദിനത്തിലെ ദിവ്യബലിക്ക് തൃശ്ശൂർ ദേവമാത പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. ജോസ് നന്തിക്കര CMI മുഖ്യ കാർമികത്വം വഹിച്ചു. 2025 ഡിസംബർ രണ്ടിന് സിൽച്ചാർ മിഷന്റെ കീഴിലുള്ള ത്രിപുര ബ്രിഗ്ഗ്ദാസ് പാറയിലെ ചാരിറ്റി കോൺവെന്റിന്റെ പുതിയ

ഭവനത്തിന്റെ ആശിർവാദ കർമ്മം ഷംഷാബാദ് അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവും ഇരിങ്ങാലക്കുട രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവും ചേർന്ന് നിർവഹിച്ചു. ഡിസംബർ നാലു മുതൽ ചിറക്കൽ ഇടവകയിൽ ഹോം മിഷൻ നടത്തി. ഡിസം ബർ 12,13,14 തിയ്യതികളിൽ കൂർക്കഞ്ചേരി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് മീറ്റിംഗ് നടത്തി. ചേലക്കര ജീവോദയ കോൺവെന്റിൽ വച്ചു സീനിയർ സിസ്റ്റേഴ്സിനായി ക്ലാസും ആരാധന യും തുടർന്ന് ചെറുതുരുത്തി ഇടവകയിൽ സിസ്റ്റേഴ്സ് ഭവന സന്ദർ ശനവും നടത്തി. 2025 നവംബർ ഇരുപത്തിയൊന്നാം തീയതി സഭയുടെ സ്ഥാപനദിനം മരിയഭവൻ ജനറലേറ്റിൽ വച്ച് ആചരിച്ചു. സി.എം.സി. നിർമല പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി.ആർ.ഐ സംഘടിപ്പിച്ച സെമിനാറിൽ ഇരുപതോളം സിസ്റ്റേഴ്സ് പങ്കെടുത്തു.

## ആദരാഞ്ജലികൾ



03.11.2025 പടവരാട് സെന്റ് ട്രീസാസ് മഠാംഗമായ സി. ക്ലാരറ്റ് 2025 നവംബർ 3-ാം തീയതി രാത്രി 10.00 മണിക്ക് നിര്യാതയായി. 4-ാം തീയതി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 4.30 ന് ബിഷപ്പ് എമരിറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ പടവരാട് സെന്റ് ട്രീസാസ് കോൺവെന്റ് ചാപ്പലിൽ മൃതസം സ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# ₹ സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈകാരന്മാരുടെയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2025 നവംബർ 22 ന് ശനിയാഴ്ച രാവിലെ 9.00 മണിക്ക് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി. ഏകദേശം 400 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. റവ.ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തി. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. സ്ഥാവര ജംഗമ വസ്തുക്കൾ കൈക്കാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വാടക കരാറുകൾ, ദർപ്പൺ റജിസ്ട്രേഷനെ പറ്റിയുള്ള കാര്യങ്ങൾ എന്നിവയെപറ്റി Adv.രജിത് ആറ്റത്തറ ക്ലാസ്സെടുത്തു. 2024-2025 വർഷത്തെ പിരിവുകൾക്ക് സമ്മാനാർഹരായ ഇടവകകൾക്ക് /സ്ഥാപനങ്ങൾക്ക് ട്രോഫികൾ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ ടോണി നീലങ്കാവിൽ പിതാവും കൂടി വിതരണം ചെയ്തു.2024 നവംബർ മുതൽ 2025 നവംബർ വരെയുള്ള കാലയളവിൽ ഇടവകകളിൽ റിട്ടയർ ചെയ്ത ക്ലർക്ക്, അക്കൗണ്ടന്റ്സ് എന്നിവർക്കുള്ള ആദരവ് ഈ മീറ്റിംഗിൽ നൽക്കി. ഇ. ഫ്. ലൂവിസ് സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് സ്നേഹ വിരുന്നോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഫൈനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

**പുതുവർഷത്തിന്റെ (2026) സ്നേഹം നിറഞ്ഞ ആശംസകൾ നേരുന്നു!**

ഡിസംബർ മാസത്തിലെ തിരുപ്പിറവിയുടെ സന്തോഷം ഇനിയും നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കുകയാണ്. ആ വലിയ സന്തോഷത്തിൽ നിന്നാണ് നമ്മൾ ഇപ്പോൾ പുതിയ പ്രതീക്ഷകളുമായി പുതുവർഷത്തേക്ക് കൂടി കടക്കുന്നത്.

നിങ്ങൾ ഓരോരുത്തരും സ്കൂളിൽ പുതിയ അധ്യയന വർഷം തുടങ്ങുമ്പോൾ പുതിയ നോട്ട്ബുക്കുകൾ വാങ്ങാറില്ലേ? ആ നോട്ട്ബുക്കുകൾ എങ്ങനെയായിരിക്കും? വെളുത്ത്, ഒരു മങ്ങലും ഇല്ലാതെ, വൃത്തിയായി നോട്ടുകൾ കുറിക്കാൻ പേജുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടാകും.

ഈ പുതിയ വർഷവും നമുക്ക് അതുപോലെ ആകണം. 2026 എന്ന ഈ വർഷം ദൈവപിതാവ് നമുക്ക് നൽകിയ ഒഴിഞ്ഞ ഒര പൂർവ നോട്ട്ബുക്കാണ്. ഇതിൽ എന്ത് എഴുതണം എന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്, എന്റെ കുഞ്ഞുമക്കളാണ്. നല്ല അക്ഷരങ്ങൾ എഴുതി ഈ നോട്ട്ബുക്ക് മനോഹരമാക്കാൻ നിങ്ങൾ ശ്രമിക്കണം. നല്ല അക്ഷരങ്ങൾ എന്നാൽ പ്രാർത്ഥനയും സ്നേഹത്തിന്റെ പ്രവർത്തികളും പഠനവുമാണ്.

**1. പ്രാർത്ഥന:** ദിവസവും ഈശോയോട് സംസാരിക്കണം. രാവിലെ എഴുന്നേൽക്കുമ്പോഴും രാത്രി ഉറങ്ങാൻ കിടക്കുമ്പോഴും ഈശോയ്ക്ക് നന്ദി പറയണം. ഞായറാഴ്ച കുർബാനയിൽ ശ്രദ്ധയോടെ പങ്കെടുക്കണം. നമ്മുടെ ഓരോ ചെറിയ കാര്യങ്ങളും വലിയ സ്നേഹത്തോടെ ചെയ്യുമ്പോൾ അത് പ്രാർത്ഥനയായി മാറും. വിശുദ്ധ കൊച്ചുത്രേസ്യ പറഞ്ഞതുപോലെ: 'നമ്മൾ സ്നേഹത്തിന്റെ ചെറിയ കാര്യങ്ങൾ അല്ലാതെ മറ്റൊന്നും ചെയ്യരുത്.'

**2. സ്നേഹത്തിന്റെ പ്രവൃത്തികൾ:** നമ്മുടെ കുടുംബാംഗങ്ങളോടും കൂട്ടുകാരോടും സ്നേഹത്തോടെ

പെരുമാറണം. വീട്ടിലെ ജോലികളിൽ മാതാപിതാക്കളേയും മുതിർന്നവരേയും സഹായിക്കണം. സ്കൂളിൽ ആർക്കെങ്കിലും സഹായം ആവശ്യമെങ്കിൽ അത് ചെയ്തുകൊടുക്കണം. നമ്മുടെ നല്ല കാര്യങ്ങൾ മറ്റുള്ളവർ കാണുമ്പോൾ, അവർ ദൈവത്തെ മഹത്വപ്പെടുത്തണം. ഈശോ പറഞ്ഞത് ഓർമ്മിക്കുക: 'അങ്ങനെ, നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ. അപ്പോൾ അവർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തും.' (മത്തായി 5:16)

**3. പഠനം:** ദൈവം നമുക്ക് തന്ന ബുദ്ധി വളർത്താനായി നന്നായി പഠിക്കണം. പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ജ്ഞാനത്താൽ നിറയാനും ദൈവിക വെളിച്ചത്താൽ പാഠങ്ങൾ ഗ്രഹിക്കാനും നിങ്ങൾ പ്രാർത്ഥിക്കണം.

ഈ പുതുവത്സരത്തിൽ ഈശോയെപ്പോലെ വളരാനും കുഞ്ഞുമക്കളും ശ്രദ്ധിക്കണം. നിങ്ങൾക്ക് ഏറ്റവും പ്രിയങ്കരനായ ഉണ്ണിയീശോ വളർന്നത് എങ്ങനെയെന്ന് വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ലൂക്കായുടെ സുവിശേഷം 2ാം അധ്യായം 52ാം വാക്യം ശ്രദ്ധിക്കുക: 'ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവനായി വളർന്നു വന്നു (ലൂക്കാ 2:52). പ്രാർത്ഥനയിലൂടെ ദൈവവുമായും, നല്ല പെരുമാറ്റത്തിലൂടെ മറ്റുള്ളവരുമായും സ്നേഹത്തിൽ ജീവിച്ചുകൊണ്ട് ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി ജീവിക്കാൻ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. നിങ്ങൾ ഓരോരുത്തരുടെയും ജീവിതം ഈശോയുടെ പുസ്തകത്തിലെ മനോഹരമായ അധ്യായങ്ങളായി മാറട്ടെ. 2026ൽ നിങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

### I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

**1. പുതുവത്സരാശംസകൾ**

തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കുശേഷം, ദൈവത്തിന്റെ മറ്റൊരു വലിയ സമ്മാനമായ പുതുവർഷത്തിലേക്ക് (2026) പ്രതീക്ഷാപൂർവ്വം നാം പ്രവേശിക്കുന്നു. ദനഹാതിരുനാളിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ. എല്ലാം പുതുതാക്കുന്ന ദൈവത്തിലാശ്രയിച്ച് പുത്തൻ പ്രതിജ്ഞകളോടെ പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

**2. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (നവംബർ 15 മുതൽ ഡിസംബർ 15 വരെ) യൂണിറ്റുകൾ: അടാട്ട്, അമലനഗർ, ചിറ്റിലപ്പിള്ളി, പെരുവല്ലൂർ, പറപ്പൂർ, പോന്നോർ, പുറനാട്ടുകര, തോളൂർ, ചേരുംകുഴി, ചിറയ്ക്കാകോട്, ചുവന്നമണ്ണ്, കണ്ണാറ, കൂട്ടാല, മുളയം, പട്ടിക്കാട്, പീച്ചി, വീണ്ടശ്ശേരി, വെള്ളക്കാരിത്തടം, അന്തിക്കാട്, ചേർപ്പ്, ചൊവ്വൂർ, ചിറയ്ക്കൽ, കിഴുപ്പിള്ളിക്കര, നാട്ടിക, പഴുവിൽ, പെരിങ്ങോട്ടുകര, പൂച്ചിണ്ണിപ്പാടം, പൊറത്തൂർ, പുത്തൻപീടിക, മുറ്റിച്ചൂർ, പൊന്നാനി, ചൂലിശ്ശേരി. നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസ പരിശീലകർക്കും നന്ദി.

**3. ക്രിസ്ഫോം**

എ സി സി, 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോം 11 ബാച്ചുകളോടെ സമാപിച്ചു. 144 ഇടവകകളിൽ നിന്നായി 573 വിദ്യാർത്ഥികൾ ഈ വർഷത്തെ ക്രിസ്ഫോമിൽ പങ്കെടുത്തു.

**4. മാതാപിതാക്കൾക്കുള്ള പരിശീലനം**

അതിരൂപത വിശ്വാസപരിശീലന കേന്ദ്രം കുട്ടികളുടെ സ്വഭാവരൂപീകരണം ലക്ഷ്യമാക്കികൊണ്ട് വിശ്വാസപരിശീലന സെമിനാറുകൾ മാതാപിതാക്കൾക്കായി ഇടവകതലത്തിൽ ഒരുക്കുന്നു. ബുക്കിംഗിനായി 9188131311 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (9.30 AM - 5.00PM) ബന്ധപ്പെടുക.

**5. ടാലന്റ് ഹണ്ട് 2025**

വിശ്വാസപരിശീലന ടാലന്റ് മിനിസ്ട്രിയുടേയും ഈഡൻ

ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫൊറോനകളുടെ മേഖലാതലത്തിൽ ടാലന്റ് ഹണ്ട് 2025 നേതൃത്വപരിശീലനവും ജീവിത മാർഗ്ഗദർശന സെമിനാർ (കരിയർ ഓറിയന്റേഷൻ സെമിനാർ) സംഘടിപ്പിച്ചു. 1023 വിദ്യാർത്ഥികൾ പങ്കെടുത്തു. 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ സെമിനാറിൽ വിശ്വാസപരിശീലന ഡയറക്ടർ സൈജോ തൈക്കാട്ടിൽ, അസി. ഡയറക്ടർ റവ. ഡോ. സനൽ തോമസ് മാളിയേക്കൽ, ഈഡൻ ട്രസ്റ്റ് പ്രസിഡണ്ട് ശ്രീ. ടോജോ എന്നിവർ സംസാരിച്ചു. ഈഡൻ ട്രസ്റ്റിലെ റിസോഴ്സ് പേഴ്സൺസ് സോണി അക്കര, ബാബു കെ. എ., ജോൺസൻ ലിയോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഓരോ മേഖലയിലേയും പ്രമോട്ടറച്ചന്മാരും ഫൊറോന വികാരിയച്ചന്മാരും ഫൊറോന പ്രിൻസിപ്പൽമാരും സെമിനാർ സംഘടിപ്പിക്കുന്നതിന് നേതൃത്വവും സഹായസഹകരണങ്ങളും നൽകി. ക്യാമ്പുകളിൽ പങ്കെടുത്ത വിദ്യാർത്ഥികളിൽ നിന്ന് തിരഞ്ഞെടുത്തവർക്ക് തുടർപരിശീലനം നൽകുന്നു.

## II.അറിയിപ്പുകൾ

1. അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് – ജനുവരി 3 ശനി വൈകിട്ട് 4 മുതൽ 6.30 വരെ.

2. സർവ്വീസ് അവാർഡ് ദിനം: 2026 ജനുവരി 26 തിങ്കൾ

വിശ്വാസപരിശീലകരായി 45, 35, 25, 15 വർഷങ്ങൾ ശുശ്രൂഷചെയ്തവരും 10, 20 വർഷങ്ങൾ മുടങ്ങാതെ വിശ്വാസപരിശീലനം നടത്തിയവരും ഈ വർഷം വിശ്വാസപരിശീലനത്തിൽ നിന്ന് വിരമിക്കുന്നവരും ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവരും 11 മണിക്ക് രജിസ്ട്രേഷനായി ഡി. ബി. സി. എൽ. സി. യിൽ എത്തിച്ചേരേണ്ടതാണ്. 11.30 ന് വി. കുർബാന തുടർന്ന് സ്നേഹവിരുന്ന്. 02.00 മണിക്ക് അവാർഡ് സമ്മേളനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും, ടോണി പിതാവിന്റെയും അധ്യക്ഷതയിൽ നടക്കുന്നു. വിശ്വാസപരിശീലനത്തിൽ ബെസ്റ്റ് മോഡൽ യൂണിറ്റ്, മോഡൽ യൂണിറ്റ്, എ ഗ്രേഡ് എന്നിവ ലഭിച്ചവർ ഉച്ചയ്ക്ക് 01.30 ന് രജിസ്ട്രേഷനായി എത്തിച്ചേരേണ്ടതാണ്. കൂടാതെ എല്ലാ വിശ്വാസപരിശീലകരേയും ഈ അവാർഡ് ദിനത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

3. പ്രിൻസിപ്പൽ കോൺഫ്രൻസ്

തിയതി: 01-02 -2025

സമയം : 02pm - 5pm

സ്ഥലം: ഡി. ബി. സി. എൽ. സി.

4. വാർഷിക പരീക്ഷകൾ

ഫെബ്രുവരി മാസത്തിലാണ് വാർഷിക പരീക്ഷകൾ നടക്കുന്നത്. അതിനായി കുട്ടികളെ ഒരുക്കുമല്ലൊ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെ അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലൊ.

2026 ഫെബ്രുവരി 8, 2PM-4PM: Stds. X, XI, XII

2026 ഫെബ്രുവരി 8, 2PM-5PM : ACC

2026 ഫെബ്രുവരി 15, 2PM-4PM: Stds. I, III, V, VII, IX

2026 ഫെബ്രുവരി 22, 2PM-4PM : Stds. II, IV, VI, VIII

5. Std. XII & ACC ഹാജർ

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി – ജനുവരി 26. ജനുവരി 26 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കു മാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

6. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (Eligibility)

അർദ്ധവാർഷിക പരീക്ഷ എഴുതുകയും, ജനുവരി 26 നു മുമ്പ് 20 ഹാജരും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും എ.സി.സി. വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭ്യമാക്കാവൂ. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

7. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.

3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ

നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance apX-em-b-h), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലന മാർഗ്ഗരേഖയിൽ (പേജ് 93, 94)നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.

4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ, അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

5. ചോദ്യങ്ങൾക്കു താഴെ ഉത്തരമെഴുതി തിരിച്ചേൽപ്പി ക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും, ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളോട് ധരിപ്പി ക്കുമല്ലോ.

6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും, വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും, വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.

7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായ വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗി ക്കേണ്ടതാണ്.

8. XII വിദ്യാർത്ഥികളുടെ ഫോട്ടോയും ബയോഡാറ്റയും

XII വിദ്യാർത്ഥികളുടെ ഫോട്ടോയും ബയോഡാറ്റയും ജനു വരി മാസത്തിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്. എങ്കിൽ മാത്രമേ രജിസ്റ്റർ നമ്പർ ലഭിക്കുകയുള്ളൂ.

9. Service Award

ഈ വർഷം സർവ്വീസ് അവാർഡിന് അർഹരായവരുടെ പേ രുവിവരങ്ങൾ താഴെ കൊടുക്കുന്നു. സുദീർഘമായ കാലഘട്ടം കർത്താവിന്റെ ശുശ്രൂഷയിൽ ശ്രദ്ധയോടും, വിശ്വസ്തതയോടും വ്യാപരിച്ച എല്ലാ വിശ്വാസപരിശീലകർക്കും അതിരൂപതയുടെ ആദരവും അനുമോദനങ്ങളും അറിയിക്കുന്നു.

45 Years

| Sl. No. | Name | Unit |
|---|---|---|
| 1 | Mr. JOSE T P | KALLUR EAST |
| 2 | Mr. JAIN C U | KOTTAPADY |
| 3 | Mr. RENNY PV | MULLASSERY |
| 4 | Mr. ANTONY K.M | THALORE |
| 5 | Mr. PAULOSE C I | THANDILAM |
| 6 | Mr. C A SOLOMON | VADANAPPILLY |
| 7 | Mrs. CLARA T C | VALLACHIRA |

35 Years

| | | |
|---|---|---|
| 1 | Mr. RAJU CHIRAMEL | ARANATTUKARA |
| 2 | Mr. JOJO ZACHARIAH | BHARATHA |
| 3 | Mr. PEIUS C.A | BRAHMAKULAM |
| 4 | Mrs. PHILOMINA DEVASSY | CHERPU |
| 5 | Mrs. REENA SEBASTIAN | CHIYYARAM |
| 6 | Mrs. REENA THOMAS | CHIYYARAM |
| 7 | Mrs. ALPHONSA RAPPAI | KALLUR EAST |
| 8 | Mr. THOMAS T L | KANJANI |
| 9 | Mr. MATHEW C L | KAVEED |
| 10 | Mrs. MOLLY THOMAS | KURIACHIRA |
| 11 | Mr. BYJU T O | MANNAMPETTA |
| 12 | MR. SAJI GEORGE | MARIAPURAM |
| 13 | Mr. YESUDAS A P | MUNDATHICODE |
| 14 | Mr. PAULSON T. V | NELLANKARA |
| 15 | Mrs. MARY THOMAS | ORUMANAYUR |
| 16 | Mr. JOSEPH T L | PARANNUR |
| 17 | Mr. JOHN MATHEW | PARAPPUR |
| 18 | Mr. MATHEWS P D | PARAPPUR |
| 19 | Mrs. MARY C L | PAVARATTY |
| 20 | Mr. Joy K P | PERAMANGALAM |
| 21 | Mr. JOSEPH CL | PUDUSSERY |
| 22 | Mr. OUSEPH T V | THIROOR |
| 23 | Mr. PAUL P T | THIROOR |
| 24 | Mrs. REENA P L | THIROOR |
| 25 | Mr. FRANCIS NELLISSERY | VADANAPPILLY |
| 26 | Mr. FRANCIS O M | VARADIYAM |
| 27 | Mrs. GRACY ABRAHAM | VIJAYAPURAM |
| 28 | Mrs. MAGGY BABU | VIYYUR |
| 28 | Mr. SUNNY PALAYOOR | WADAKKANCHERY |

**25 Years**

| | | |
|---|---|---|
| 1 | Mr. JOBY K JOHN | AMMADAM |
| 2 | Mr. ROY N T | ARANATTUKARA |
| 3 | Mrs. SOPHY THOMAS | ARANATTUKARA |
| 4 | Mrs. PREMA SIMON | ARIMPUR |
| 5 | Mr. LINSON THOMAS | AVINISSERY |
| 6 | Mr. SIMON JOSE | BRAHMAKULAM |
| 7 | Mrs. LUCY VINCENT | CHEMMANNUR |
| 8 | Mrs. RANI VINCENT | CHEVOOR |
| 9 | Mrs. PHILOMINA JOSEPH | CHIYYARAM |
| 10 | Mrs. REENA PAUL | CHOWANNUR |
| 11 | Mrs. LILLY TONY | ELTHURUTH |
| 12 | Mr. PRINCE DAVIS C. | ENAMAKKAL |
| 13 | Mrs. MARGILY JACOB | ERANELLUR |
| 14 | Mrs. ELSY ANTONY | ERAVIMANGALAM |
| 15 | Mr. BASTIAN GEORGE V | ERAVU |
| 16 | Mrs. TESSY SUNNY | ERAVU |
| 17 | Mr. LIJO GEORGE VATTAKKUZHY | KALLUR WEST |
| 18 | Mr. BABY DAVIS | KARUMATHRA |
| 19 | MR. BENNY PADIKKAL | KILLIMANGALAM |
| 20 | Mr. TOMY JOSEPH | KILLIMANGALAM |
| 21 | Mrs. ANITHA JOHNSON | KILLIMANGALAM |
| 22 | Mrs. GRACY ANTO | KODANNUR |
| 23 | Miss. MARY K A | KURIACHIRA |
| 24 | Mrs. MERLIN FRANCIS | KURIACHIRA |
| 25 | Mrs. ANNIE RAPHEAL | KUTTUR |
| 26 | Mrs. BEENA THOMAS | MACHAD |
| 27 | Mr. BASTIAN P PAUL | MANALUR EAST |
| 28 | Mrs. ALPHONSA BABY | MANNAMANGALAM |
| 29 | Mrs. SUSAMMA OUSEPH | MANNAMANGALAM |
| 30 | Mr. VARGHESE PAUL | MANNAMPETTA |
| 31 | Mr. LONAPPAN T L | MATTOM |
| 32 | Mr. JOSEPH P R | MUKKATTUKARA |
| 33 | Mrs. ANCY WILSON | MUKKATTUKARA |
| 34 | Mr. SUNNY A P | NADATHARA |
| 35 | Mrs. MERCY CHARLY | NADATHARA |
| 36 | Mrs. BLAICY JOSEPH | NIRMALAPURAM |
| 37 | Mr. THOMAS C K | OLARIKKARA |
| 38 | Mr. SHAJI GEORGE | OLLUKKARA |
| 39 | Mrs. SHENCY JOE | PARANNUR |
| 40 | Mr. JOHN P J | PARAPPUR |

| | | |
|---|---|---|
| 41 | Mrs. LISSY SIMON | PARAVATTANI |
| 42 | MRS. JAICY MATHEW | PAVARATTY |
| 43 | Mrs. JALAJA V K | PAVARATTY |
| 44 | MRS. SHINY JOSE | PAVARATTY |
| 45 | Mrs. ROSY VARGHESE | PERINGOTTUKARA |
| 46 | Mrs. MINI FRANCIS | PERUVALLUR |
| 47 | Fr. SR. DEENA MARIA FCC | PONNANI |
| 48 | Mr. BENNY MANGALASSERIL | PONNUKKARA |
| 49 | Mrs. ALPHONSA JOHNSON | PORATHUR |
| 50 | Mrs. LEESA ANTU | PORATHUR |
| 51 | Mr. ANTO C A | PULLAZHI |
| 52 | MRS. JESSY BABY | SARITHAPURAM |
| 52 | Mrs. PRINCY VARGHESE | SNEHAPURAM |
| 53 | Mr. ANTO V J | THALAKOTTUKARA |
| 54 | MRS. ROSY GEORGE | VAKA |
| 55 | Mrs. KOCHUMARY JAMES | VALAPAD |
| 56 | Mrs. LEENA BELSON | VALAPAD |
| 57 | Mrs. VINITHA XAVIER | VELLARAKKAD |
| 58 | Mr. SHAJU C L | VETTUKAD |
| 59 | Mrs. JOLLY SOMAN | VILLADAM |
| 60 | Mrs. ROSILY VINCENT | WADAKKANCHERY |

**15 Years**

| | | |
|---|---|---|
| 1 | Mr. BIJOY K E | ALOOR |
| 2 | Mrs. Jelly Paulson | Amala Nagar |
| 3 | Mrs. Tessy Joy | Amala Nagar |
| 4 | Mrs. JINCY KURIYAN V | AMMADAM |
| 5 | Mrs. ANCY BAIJU | ARANATTUKARA |
| 6 | Mrs. DISHA JOSE | ARANATTUKARA |
| 7 | Mrs. SNEHA ANAND | ARANATTUKARA |
| 8 | Mrs. ANNIE JOHNSON | ARIMPUR |
| 9 | Mrs. DOLLY SUNNY | ARIMPUR |
| 10 | Mrs. LUCY DAVIS | ARIMPUR |
| 11 | Mrs. ROSE JOJO | ARIMPUR |
| 12 | Mrs. SUCY GEORGE | ARIMPUR |
| 13 | Mr. JAMES V A | ARTHAT |
| 14 | Mrs. BIJI JOY | ATTATHARA |
| 15 | Mrs. MOLY VARGHESE | ATTUPURAM |
| 16 | Miss. VIJI K RAPHEAL | AYYANTHOLE |
| 17 | Mrs. PREETHI MANOJ | BRAHMAKULAM |
| 18 | Mrs. GRACY PIOUS | CHAZHUR |
| 19 | Mrs. REENA SHAJU | CHAZHUR |

| | | |
|---|---|---|
| 20 | Mrs. SHEEBA PAUL | CHAZHUR |
| 21 | Mr. JOHNS K R | CHERPU |
| 22 | Mr. LALU LAWRENCE | CHERPU |
| 23 | Mrs. LEENA DAVIS | CHERPU |
| 24 | Mrs. LEENA JOSE | CHEVOOR |
| 25 | AJITHA JOLLY | CHIRAKKAKODE |
| 26 | REJI THOMAS | CHIRAKKAKODE |
| 27 | Mrs. JESSY JOSE | CHIRAKKAL |
| 28 | Mrs. SHEEJA BIJU | CHIYYARAM |
| 29 | Mrs. JOLLY JIKSON | CHOWANNUR |
| 30 | Mrs. JOLLY THOMSON | CHOWANNUR |
| 31 | Mrs. SILJA E P | ENAMAKKAL |
| 32 | MRS. NIVYA PAUL | ERANELLUR |
| 33 | Mrs. RENI SAJI | EYYAL |
| 34 | Mrs. SAJI JAISON | EYYAL |
| 35 | Mrs. JINI DAMIEN | GALILEE |
| 36 | Mrs. SHEEBA LAZAR | GALILEE |
| 37 | Mrs. REGI JOHNSON | KADANGODE |
| 38 | DOMILY WILSON | KALLUR WEST |
| 39 | Mr. THOMAS MANJALY | KALLUR WEST |
| 40 | Mrs. BINDU NELSON | KALLUR WEST |
| 41 | Mrs. Soniya Vilson | Kannamkulangara |
| 42 | Mr. BENNY KAITHARATH | KARAMUCK |
| 43 | Mrs. JOLLY VINCENT | KARAMUCK |
| 44 | Mrs. BINSY GEORGE | KARAMUCK NORTH |
| 45 | Mrs. SHINY FRANCIS | KARAMUCK NORTH |
| 46 | Mr. JINSON CHACKO | KARUMATHRA |
| 47 | Sr. LIJY GEORGE | KARUMATHRA |
| 48 | Mrs. SHEJI SHAJAN | KAVEED |
| 49 | Mrs. SUBY SHAJAN | KIRALUR |
| 50 | Mrs. JANCY CHARLY | KOKKALA |
| 51 | Mrs. BLESSY JOSEPH | KOLAZHY |
| 52 | Mrs. REJEENA THOMAS | KOLAZHY |
| 53 | Mr. SIMON O J | KOTTAPADY |
| 54 | Mrs. DAISY THOMAS | KOTTEKAD |
| 55 | Mrs. SHIBY ANTO | KOTTEKAD |
| 56 | Mr. JOSHI THOMAS | KURIACHIRA |
| 57 | Mr. THOMAS M D | KURIACHIRA |
| 58 | Mrs. SHEEJA MOHAN | KURIACHIRA |
| 59 | Mrs. Sheena Andrews | Kurumal |
| 60 | Mr. RIJO PAUL | KUTTUR |

| | | |
|---|---|---|
| 61 | Mrs. DAISY SHAJU | KUTTUR |
| 62 | Mrs. JESLIN JACOB | MADONA NAGAR |
| 63 | Mrs. JIJI SUNNY | MANAKODY |
| 64 | Mrs. MARY SHAJU | MANAKODY |
| 65 | Mr. HIRAN T K | MANALUR WEST |
| 66 | Mrs. BINU DERIC | MANGAD |
| 67 | Mrs. JINCY SHAJAN | MANNAMANGALAM |
| 68 | Mr. JOHNY K. G | MARATHAKKARA |
| 69 | Sr. NITHYA ROSE | MARATHAKKARA |
| 70 | Mr. JIMMY C. J | MATTOM |
| 71 | Mr. TOM K ANTONY | MUKKATTUKARA |
| 72 | Mrs. ANITHA JACOB | NANDIPULAM |
| 73 | Mr. ALLAN ANTONY | NATTIKA |
| 74 | Mrs. LEENA JOHNSON | NEDUPUZHA |
| 75 | Mrs. ASHA JOSY | NEHRU NAGAR |
| 76 | Mrs. LISSY JOSE | OLARIKKARA |
| 77 | Mrs. AJI JAISON | OLLUR |
| 78 | Mrs. SEENA ROY | OLLUR MARYMATHA |
| 79 | Mrs. BEENA JOSHY | PALAYUR |
| 80 | Mrs. JOICY ANTONY | PALAYUR |
| 81 | Stella Jacob | PALAYUR |
| 82 | Mrs. JANCY JOY | PALAZHY |
| 83 | Mrs. DEEPA TONY | PANAMUKKU |
| 84 | Mrs. JOICY JEEVAN | PARANNUR |
| 85 | Mrs. JYOTHI ROY | PARAPPUR |
| 86 | Mrs. VINCY E G | PARAPPUR |
| 87 | MR. BERTIN O J | PAVARATTY |
| 88 | Mrs. LENCY LAWRANCE | PAVARATTY |
| 89 | Mrs. Jancy Xavier | PAZHAYANGADI |
| 90 | Mrs. JOICY FRANCIS | PAZHAYANGADI |
| 91 | Mrs. ELSY BENNY | PAZHAYANNUR |
| 92 | Mrs.  ROSMY DOMINIC | PAZHUVIL |
| 93 | Mrs. FANCY JOSE | PAZHUVIL |
| 94 | Mrs. SHEEBA SUNNY | PEECHI |
| 95 | Mrs. ALICE ANTONY | PERAMANGALAM |
| 96 | Mrs. TINTU LIJO | PERAMANGALAM |
| 97 | Mr. Johnson P L | PERINCHERY |
| 98 | Mrs. Cherupushpam Joy | PERINCHERY |
| 99 | Mrs. Dency Johnson | PERINCHERY |
| 100 | Mrs. SHEEJA GEORGE | PERINGOTTUKARA |
| 101 | ROSIENA THOMAS | PERUVALLUR |

| | | |
|---|---|---|
| 102 | Mrs. DELLENA XAVIOUR | PONNANI |
| 103 | Mr. Roy Chemmannur | POOTHOLE |
| 104 | Mrs. SHEENA SHAJU | POTTORE |
| 105 | Mrs. SHEEBA JOY | PULLAZHI |
| 106 | Mrs. SHERLY GEORGE | PULLAZHI |
| 107 | Mrs. ROSE ALEX | PUNKUNNAM |
| 108 | Mrs. ELSY JOSHY | PUTHENPEEDIKA |
| 109 | Mrs. SHEEBA XAVIER | SNEHAPURAM |
| 110 | Mrs. LISSY JOSHY | THALAKOTTUKARA |
| 111 | Mrs. GINI JOSEPH | THALIKULAM |
| 112 | Mr. JAISON E.R | THALORE |
| 113 | Mr. SINTO K J | THANDILAM |
| 114 | Mrs. RINCY ANTO | THAYYUR |
| 115 | Mrs. VIJI PAUL | THAYYUR |
| 116 | Mr. JIBIN JOHN NEELAMKAVIL | THIROOR |
| 117 | Mr. JOJO C A | THIROOR |
| 118 | Mrs. SALY KURIAN | THIRUVILWAMALA |
| 119 | Mr. PIOUS T.T. | THOYAKKAVU |
| 120 | Mr. JOVIN JOLLLY | THRISSURLOURDESCATHEDRAL |
| 121 | Mr. JALIJ K J | VAKA |
| 122 | Mrs. SHEEMOL PAULSON | VAKA |
| 123 | Mrs. RINY SIBI | VANIAMPARA |
| 124 | Mrs. SHEELA DAS | VANIAMPARA |
| 125 | Mrs. JANCY KURIAN | VARAKKARA SOUTH |
| 126 | Mrs. AMBILY SEBY | VARANDARAPPILLY |
| 127 | Mrs. LEENA JHONSON | VARAVOOR |
| 128 | Mr.DAVIS KODAVARAKKARAN | VELLANIKODE |
| 129 | Mrs. LAISA KODAVARAKKARAN | VELLANIKODE |
| 130 | Mrs. SMITHA POLY | VELUPADAM |
| 131 | Mrs. DAISY JACOB | VETTUKAD |
| 132 | Mrs. Mini Johnson | Villadam |
| 133 | SHAIJA PATHROSE | Villadam |
| 134 | SOMINI WILSON | Villadam |
| 135 | Mr. SUNNY KONIKKARA | VIYYUR |
| 136 | MRS. REENA JOSEPH | VYLATHUR |
| 137 | Mrs. LINCY SHIJOV | WADAKKANCHERY |
| 138 | Mrs. ALPHONSA JOY | WEST FORT |
| 139 | Mrs. SHAJI PAULSON | WEST FORT |
| 140 | Mrs. SHINY PAULSON | WEST FORT |

**9. Full Attendance Teachers**

**10 YEARS**

| | | |
|---|---|---|
| 1 | Mr. JAISON A J | ATTATHARA |
| 2 | Mrs. BIJI JOY | ATTATHARA |
| 3. | JELPS PAUL K | CHENGALUR |
| 4 | Mrs. JOLLY BENNY | KOOTTALA |
| 5 | Mrs. VICTORIYA MEJU | MARATHAMKODE |
| 6 | Mr. JIJO JOSE | NIRMALAPURAM |
| 7 | Mr. JOSEPH P C | SARITHAPURAM |
| 8 | Mrs. SEENA E L | THRISSUR LOURDES |
| 9 | MR. RUMCY JOHN ARACKAL | VELLANIKODE |
| 10 | MRS. RENI CLETUS | NADATHARA |
| 11 | MRS. GRACY MATHEW | NADATHARA |
| 12 | MRS. BINSY GEORGE | NORTH KARAMUCK |
| 13 | MRS. RIMMY JOY | KURUMAL |

**20 YEARS**

| | | |
|---|---|---|
| 1 | Mrs. ROSY VARGHESE | PERINGOTTUKARA |
| 2 | Mr. ROBIN V J | VELLAKKARITHADAM |

**10. Retired Teachers List**

| | | |
|---|---|---|
| 1 | Mrs. ROSY LAZAR | ALOOR |
| 2 | Mrs. LUCY PAUL | ARIMPUR |
| 3 | Mrs. ROSAMMA JOSEPH | CHELAKKARA |
| 4 | Mrs. ROSY CHERIYAN | CHEMMANNUR |
| 5 | Mr. JOHNS K R | CHERPU |
| 6 | Mrs. JOYCY JOSE | CHETTUPUZHA |
| 7 | Mrs. ROSAMMA JOSE | ERANELLUR |
| 8 | Mrs. ANNIES JOSE | KOOTTALA |
| 9 | Mrs. VALSA JOSE | KOOTTALA |
| 10 | Mr. GEORGE P A | KOTTAPADI |
| 11 | Mr. THOMAS M D | KURIACHIRA |
| 12 | Mrs. MARY K A | KURIACHIRA |
| 13 | Mr. DAVIS C A | MANALUR EAST |
| 14 | Mrs. KOCHUTHRESSIA JOSE | MANGAD |
| 15 | Mr. LONAPPAN T L | MATTOM |
| 16 | Mr. SEBASTIAN P C | NIRMALAPURAM |
| 17 | Mrs. ALPHONSA PAUL | PADAVARAD |
| 18 | Mrs. ALICE THOMSON | PARANNUR |
| 19 | Mrs. JOLLY DAVIS | PARAVATTANI |
| 20 | Mrs. MARY MINI KOIKARA | PONGANAMKAD |

| | | |
|---|---|---|
| 21 | Mr. JOHNSON P A | THALORE |
| 22 | Mrs. MABLE THOMAS | THRIPRAYAR |
| 23 | Mrs. SILVY GEORGE | THRISSUR LOURDES |
| 24 | Mr. JOSEPH P A | VALAPAD |
| 25 | Mrs. CLARA T C | VALLACHIRA |
| 26 | Mrs. ALPHONSA JOSE | VELUR |
| 27 | Mr. JOSE M C | VENDORE |
| 28 | Mr. JOSE V A | VENDORE |

III. Daily Catechism

സ്കൂൾ കാറ്റക്കിസം മോറൽ സയൻസ് വാർഷികപരീക്ഷ: ജനുവരി 9 വെള്ളി

Std. I, III, V, VII, IX, XI രാവിലെ 10 മുതൽ 12 വരെ

Std. II, IV, VI, VIII, X, XII ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

ചോദ്യപേപ്പറുകൾ ജനുവരി 5, 6 തിയതികളിൽ ഡി ബി സി എൽ സി വിശ്വാസപരിശീലന ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ജനുവരി 14 നുള്ളിൽ സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായവരുടെ പേരു വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷകൾ:**

സ്കൂൾ കാറ്റക്കിസം: ജനുവരി 24 ശനിയാഴ്ച്ച Std. IV, VII, X

മോറൽ സയൻസ്: ഫെബ്രുവരി 14 ശനിയാഴ്ച്ച

Std. IV, VII, X, XII

(രാവിലെ 10 മുതൽ 12 വരെ ഡി.ബി.സി.എൽ.സി. യിൽ വെച്ച്)

**പുതുവത്സരാശംകളോടെ സസ്നേഹം,**

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ തോമസ് മാളിയേക്കൽ**
അസി. ഡയറക്ടർ

# എക്സൽ അക്കാദമി

**Civil Service Course (സിവിൽ സർവീസ് കോഴ്സ്)**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ ഈ വരുന്ന പുതുവർഷം ജനുവരി 2026 ൽ ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും ആഴ്ചയിൽ ഒരു ദിവസം ഓൺലൈനായും ഓഫ്‌ലൈനായും ക്ലാസുകൾ നടത്തുന്നു. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ദിവസത്തിൽ ഒരു ക്ലാസ്സിനു 250 രൂപ, ഓരോ മാസത്തെ ക്ലാസ്സിന്റെ എണ്ണത്തിനനുസരിച്ച് ഫീസിൽ മാറ്റമുണ്ടാകം. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ജനുവരി 25 നകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക.

Coaching Centre for Minority Youth

(ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ഡിസംബർ 23 മുതൽ ആരംഭിക്കുന്നു. പുതിയ ബാച്ചുകൾ 2026 ജനുവരി 18 മുതൽ ആരംഭിക്കുന്നു. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ജൂബിലി ബ്ളോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്രവേശിക്കാൻ താത്പര്യമുള്ളവർ തൃശ്ശൂർ ആർച്ച് ബിഷപ്പ് ഹൗസ് ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാഡമിയിൽ ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

K - TET ( Kerala Teachers Eligibility Test )

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ 2026 ജനുവരി മുതൽ

ആരംഭിക്കുന്നു. താല്പര്യമുള്ളവർ ജനുവരി 25-ാം തിയതിക്കകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക.

**ഡോ. മാണി കെ. പീറ്റർ** — **ഫാ. സൈജോ തൈക്കാട്ടിൽ**

അക്കാദമിക് ഹെഡ് — ഡയറക്ടർ

# INSTITUTE OF THEOLOGY

## TRICHUR D B C L C

**(Phone : 0487- 2333245, Mob : 9188131341)**

1. B.A. in Theology and Religious Studies (Three Years)

രണ്ടാം സെമസ്റ്ററിലെ Pentateuch (Rev. Dr.Vincent Alappat), Bio – Medical Ethics & Life Issues (Rev. Dr.Taison Mandumpal), Historical Books (Rev. Fr.Linson Thattil)എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

2. Certificate Course in Theology (One Year)

ഡിസംബർ 21 തിയ്യതികളിൽ വി. കുർബ്ബാന (Rev. Dr. Sebastian Chalackal) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

3. Advanced Certificate Course in Theology (Six Months)

സന്യാസിനികൾക്കായി Six Months regular Theology Course, ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. സന്യസ്തർക്കു മാത്രം.

4. Basic Bible Course (BBC)

ഡിസംബർ മാസം Rev. Dr. Davis Panakkal CMI ക്ലാസ്സുകൾ നയിച്ചു.

5. Certificate Course on Sacred Liturgy

നവംബർ 30, ഡിസംബർ 21 തിയ്യതികളിൽ സീറോ മലബാർ കുർബാനയുടെ ഘടനയും ദൈവശാസ്ത്രവും (Rev. Dr. Johnson Chittilappilly), ആരാധനക്രമത്തിലെ സ്ഥലവും കാലവും (Rev. Dr. Xavier Christi OFM Cap) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

6. Certificate Course on the Life in Holy Spirit

ഡിസംബർ 07, 21 തിയ്യതികളിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ

- II (Rev. Dr. Saijo Thaikkattil) പരിശുദ്ധാത്മാവും കൂദാശകളും I (Rev. Dr. Aljo Karerakkattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

7. Catechism of the Catholic Church (CCC)

ഡിസംബർ 14, 28 The life of prayer (Rev. Dr. Pradeepa CMC), The Lord's Prayer & Christian Hope (Rev. Fr. Shinto Thombiyil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

8. Certificate Course on Guidance and Counselling

ഡിസംബർ 21, 28 തിയ്യതികളിൽ Psychoanalytic Dynamic Therapy (Rev. Dr. Metilda CHF) General Psychology & Personality Theories, Abnormal Psychology, Developmental Psychology എന്നീ വിഷയങ്ങളുടെ ക്ലാസ്സും പരീക്ഷയും നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ഡോ. എം.എൽ. ദത്തൻ മെമ്മോറിയൽ**
**പത്താമത് വാർഷിക സർജറി കോൺഫറൻസ്**

പ്രൊഫ. ഡോ. എം. എൽ. ദത്തൻ മെമ്മോറിയൽ പത്താമത് വാർഷിക സർജറി കോൺഫറൻസ് – എസൻഷ്യൽസ് ഇൻ സർജറി – സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നും സർജറി വിഭാഗത്തിലെ പ്രശസ്ത ഡോക്ടർമാർ സന്നിഹിതരായിരുന്നു. ജില്ലാ പോലീസ് മേധാവി ശ്രീ. നകുൽ ആർ. ദേശ്മുഖ് ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു.

**വൈറ്റ് കോട്ട് ചടങ്ങും ടാലന്റ്സ് ഡെ ആഘോഷവും നടന്നു.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ വൈറ്റ് കോട്ട് ചടങ്ങും ടാലന്റ്സ് ഡെ ആഘോഷവും നടന്നു. ഇരുപത്തിമൂന്നാം ബാച്ചിലെ നൂറ്റമ്പത് വിദ്യാർത്ഥികളുടെ വൈറ്റ് കോട്ട് ചടങ്ങാണ് നടന്നത്. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ

അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് സ്വാഗതം ആശംസിച്ചു. സുപ്രസിദ്ധ ഓങ്കോളജിസ്റ്റും അക്കാഡമീഷ്യനുമായ ഡോ. വി.പി. ഗംഗാധരൻ പുതിയ വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ്കോളാ ബ്രേവിസ്) നൽകി. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ ഡോ. വി.പി. ഗംഗാധരന് മെമെന്റോ നൽകി ആദരിച്ചു. ടാലന്റ്സ് ദിനത്തോടനുബന്ധിച്ച് വിദ്യഭ്യാസമേഖലയിൽ പ്രാവീണ്യം തെളിയിച്ച വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ടാലന്റ് അവാർഡ് നൽകി ആദരിച്ചു. കഴിഞ്ഞ വർഷം ജൂബിലിയിൽ നിന്ന് 109 ഗവേഷണ പ്രബന്ധങ്ങൾ വിവിധ രാജാന്തര ജേർണലുകളിൽ പ്രസിദ്ധീകരിച്ചു. ഈ ലേഖനങ്ങൾ മുഴുവൻ ഉൾകൊള്ളുന്ന ആയിരത്തോളം പേജുകളുള്ള 'ആന്തോളജി 2024'എന്ന പ്രബന്ധസമാഹാരത്തിന്റെ പ്രകാശനം മാർ ആൻഡ്രൂസ് താഴത്ത് ആശുപത്രി ലൈബ്രേറിയൻ നിർമ്മല ജോർജ്ജിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു. പ്രബന്ധങ്ങളുടെ എണ്ണവും ജേർണലുകളുടെ പ്രാധാന്യവുമനുസരിച്ച് 10 മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് പ്രോത്സാഹനമായി ഒരു ലക്ഷത്തി അറുപതിനായിരം രൂപ റിസേർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവനും റിസേർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസും ചേർന്ന് വിതരണം ചെയ്തു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ വിദ്യാർത്ഥികൾക്കുള്ള പ്രതിജ്ഞ ചൊല്ലികൊടുത്തു. പി.ടി.എ. വൈസ് പ്രസിഡണ്ട് റോസമ്മ തോമസ് ആശംസകൾ അർപ്പിച്ചു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര നന്ദി പറഞ്ഞു. നാനൂറ്റമ്പതോളം പേർ പരിപാടിയിൽ പങ്കെടുത്തു.

## തൃശ്ശൂരിലെ ആദ്യത്തെ സ്വകാര്യ ആശുപത്രി 75-ാം വയസ്സിലേക്ക്

## ആഘോഷ പരിപാടികൾക്കായി സംഘാടകസമിതി രൂപീകരിച്ചു.

1951-ൽ സ്ഥാപിതമായ തൃശ്ശൂരിലെ ആദ്യത്തെ സ്വകാര്യ ആശുപത്രിയായ ജൂബിലി മിഷൻ ആശുപത്രി 75-ാം വർഷത്തിലേക്ക് കടക്കുന്നു. പ്ലാറ്റിനം ജൂബിലി വർഷത്തിലെ പരിപാടികളുടെ വിജയത്തിനും കാര്യക്ഷമതക്കുമായി സമൂഹത്തിലെ നാനാതുറകളിൽ നിന്നും പ്രതിനിധികളെ ഉൾകൊള്ളിച്ചുകൊണ്ട് സംഘാടക സമിതി രൂപീകരിച്ചു. മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ പ്രസംഗിച്ചു. തൃശ്ശൂർ എ.സി.പി. കെ. ജി സുരേഷ് പ്ലാറ്റിനം ജൂബിലി വർഷത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. ഡെപ്യൂട്ടി മേയർ റോസി, ഫ്ളോറ ഗ്രൂപ്പ് ചെയർമാൻ വി. എ. ഹസ്സൻ എന്നിവർ

ആശംസകളർപ്പിച്ചു. സി.ഇ.ഒ. ഡോ ബെന്നി ജോസഫ് നീലങ്കാവിൽ ജൂബിലിയുടെ നാഴികക്കല്ലുകൾ വിവരിച്ചു. ഡോ. പി. ആർ. വർഗ്ഗീസ് അജണ്ട അവതരിച്ചു. സംഘാടക സമിതിയുടെ മുഖ്യ രക്ഷാധികാരിയായി മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലിനെയും രക്ഷാധികാരിയായി മാർ ആൻഡ്രൂസ് താഴത്തിനേയും സഹരക്ഷാധികാരിയായി മാർ ടോണി നീലങ്കാവിലിനേയും തീരുമാനിച്ചു. ചെയർമാനായി മോൺ. ജോസ് കോനിക്കരയേയും വൈസ് ചെയർമാന്മാരായി ഫാ. റെന്നി മുണ്ടൻകുരിയനേയും ഡോ. ബെന്നി ജോസഫിനേയും തിരഞ്ഞെടുത്തു. വർക്കിങ്ങ് ചെയർമാനായി ഫാ. ടെറിൻ മുള്ളക്കരയേയും ജനറൽ കൺവീനറായി ഡോ. പി. ആർ വർഗ്ഗീസിനേയും തിരഞ്ഞെടുത്തു. ഡോ. ഷിബു കള്ളിവളപ്പിൽ, ജോഷി പോൾ എന്നിവരെ ജോയിന്റ് ജനറൽ കൺവീനർമാരായും തീരുമാനിച്ചു. മോൺ. ജോസ് കോനിക്കര, ജോസ് ആലുക്കാസ്, വി. ഒ. സെബാസ്റ്റ്യൻ, പി.കെ. വിജയകുമാർ ഐ.ആർ.എസ്., ജോർജ്ജ് പോൾ, കുരിയൻ വിതയത്തിൽ, പാസ്റ്ററൽ കൗൺസിൽ അംഗം ജോഷി വടക്കൻ ഡോ. ഷിബു കള്ളിവളപ്പിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. പ്ലാറ്റിനം ജൂബിലി വർഷത്തിൽ നടത്താനുദ്ദേശിക്കുന്ന കർമ്മപരിപാടികളിലേക്ക് സംഘാടകസമിതികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചു.

**നേഴ്സിങ്ങ് കോളേജിൽ പുതിയ അദ്ധ്യയന വർഷത്തിന് തുടക്കമായി**

നേഴ്സിങ്ങ് കോളേജിൽ പുതിയ അദ്ധ്യയന വർഷം ആരംഭിച്ചു. നൂറ് സീറ്റോടുകൂടി ഇന്ത്യൻ നേഴ്സിങ്ങ് കൗൺസിലിന്റേയും, കേരള നേഴ്സിങ്ങ് കൗസിലിന്റേയും അംഗീകാരത്തോടെ ഇരുപത്തിമൂന്നാം ബാച്ച് ബി.എസ്.സി. നേഴ്സിങ്ങും, പതിനൊന്നാം ബാച്ച് എം.എസ്.സി. നേഴ്സിങ്ങും, അറുപത്തിയൊന്നാം ബാച്ച് ജനറൽ നേഴ്സിങ്ങ് കോഴ്സും ആരംഭിച്ചു. നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്. ഐ.സി. സ്വാഗതം ആശംസിച്ചു. കേരള ആരോഗ്യ സർവ്വകലാശാല സ്റ്റുഡന്റ്സ് അഫയേഴ്സ് ഡീൻ ഡോ. ആശിഷ് ആർ. ഉദ്ഘാടനം ചെയ്ത പരിപാടിയിൽ, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷനായിരുന്നു. അസി. ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ, നേഴ്സിങ്ങ് കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. സി. ട്രീസ ആന്റോ, സ്കൂൾ ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പാൾ സി. റെജി ആഗസ്റ്റിൻ എന്നിവർ നവാഗതർക്ക് ആശംസകളർപ്പിച്ചു.

**അഭിനന്ദനങ്ങൾ**

ജയ്പ്പൂരിൽ വെച്ച് നടന്ന ഇന്ത്യൻ സൊസൈറ്റി ഓഫ് ട്രാൻസ്ഫ്യൂഷൻ മെഡി സിൻ 13-ാമത് ആനുവൽ നാഷണൽ കോൺഫറൻസിൽ (TRANSMEDCON 2025) ലബോറട്ടറി മെഡിസിൻ

വിഭാഗത്തിലെ ഡോ. സുശീല ജേക്കബ് BC Sangal Oration Award കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

- മൊണാർക്ക് കുറീസ് പ്രൈ. ലിമിറ്റഡ്
- വെനസ്ഡേ ക്ലബ്, എറണാകുളം
- മേരി ആന്റണി, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
- സെന്റ് ജോസഫ്സ് ചർച്ച്, പാറന്നൂർ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മെൽവിൻ, പുലിക്കോട്ടിൽ ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ
- ഫാ. ആന്റണി മേച്ചേരി, സ്നേഹപുരം, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, തൃശ്ശൂർ
- സെന്റ് ആന്റണീസ് ചർച്ച്, വരടിയം, തൃശ്ശൂർ
- ലിന്റോ തോമസ്, ചുങ്കത്ത് ഹൗസ്, കുരിയിച്ചിറ, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ഇന്റർനാഷണൽ കോൺഫറൻസ്**

സെന്റ് തോമസ് കോളേജിൽ നടന്ന കോൺഫറൻസിൽ സി.ജി.സി.ആർ.ഐ മുൻ ഡയറക്ടർ ഡോ.കെ മുരളീധരൻ മുഖ്യപ്രഭാഷണം നടത്തി. കോൺഫറൻ സിനോട് അനുബന്ധിച്ച് നടത്തപ്പെട്ട ഒൻപത് വ്യത്യസ്ത വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച മത്സരാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. കോൺഫറസിന്റെ സമാപനഘട്ടത്തിൽ പൈതൃക കലയായ ചവിട്ടു നാടകം അവതരിപ്പിച്ചു.

**2.2025 –2026 യൂണിയൻ ഉദ്ഘാടനം**

സെന്റ് തോമസ് കോളേജിലെ 2025-2026 വർഷത്തെ യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സിനിമാ നടനും സാംസ്കാരിക പ്രവർത്തകനുമായ ശ്രീ ജയരാജ് വാര്യർ നിർവ്വഹിച്ചു. മാധ്യമപ്രവർത്തകനായ എം.പി സുരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി.

**3.ഓറിയന്റേഷൻ പ്രോഗ്രാം**

യു.പി.എസ്.സി, എസ്.എസ്.സി, പി.എസ്.സി എന്നിവയുൾപ്പെടെയുള്ള സർക്കാർ സർവീസുകളിൽ കരിയർ പിന്തുടരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി സെന്റ് തോമസ് കോളേജിലെ സെന്റർ ഫോർ കരിയർ ഡെവലപ്മെന്റ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി.

**4. അക്കാദമിക് - ഇൻഡസ്ട്രിയൽ കൊളാബറേഷൻ**

ഇക്വിറ്റി ഇക്വേഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് സാമ്പത്തിക ശാസ്ത്ര വിഭാഗം അക്കാദമിക് - ഇൻഡസ്ട്രിയൽ കൊളാബറേഷൻ പരിപാടി നടത്തി. ഓഹരി നിക്ഷേപം നേരിട്ട് ട്രേഡ് ചെയ്യുന്നതിനുള്ള ആമുഖ സെഷനിൽ ഇക്വിറ്റി ഇക്വേഷൻസ് ഡയറക്ടർ രതീഷ് രാമകൃഷ്ണൻ ക്ലാസ് എടുത്തു.

**5. ഫുഡ് ഫിയസ്റ്റ**

സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പ് പി.ഐ.ഇ ഒ.എൽ.എ 4.0 ഫുഡ് ഫിയസ്റ്റ നടത്തി.

**6. പേയ്ന്റിംഗ് വർക്ക്ഷോപ്പ്**

സാന്തോം ആർട്ട് സീരീസ് കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഒരു സർഗ്ഗാത്മക അനുഭവം സമ്മാനിച്ചു. സെന്റ് തോമസ് കോളേജ് എസ്.റ്റി.ഐ.സി ഇന്നൊവേഷൻ സെന്ററിൽ ഒരു പ്രായോഗിക പെയിന്റിംഗ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഒരു വിദഗ്ദ്ധ ഉപദേഷ്ടാവിന്റെ മാർഗ്ഗനിർദ്ദേശത്തോടെ പെയിന്റിംഗ് പര്യവേക്ഷണം ചെയ്യാൻ ഈ പരിപാടി വിദ്യാർത്ഥികളെ സഹായിച്ചു.

**7. ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗേയ്മസ്**

ഒന്നാം വർഷ എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥിയായ നബീൽ സാഹി എം.പി. 1500 മീറ്ററിൽ വെള്ളി മെഡൽ നേടി. രണ്ടാം വർഷ എം.വി.സി.യിലെ അജിൻ ബി. 4*400 മീറ്ററിൽ റിലേയിൽ വെങ്കല മെഡൽ നേടി. ഒന്നാം വർഷ എം.കോമിലെ മാത്യു സി. മനോജ് പുരുഷ ഫുട്ബോൾ വിഭാഗത്തിൽ സ്വർണ്ണ മെഡൽ നേടി. രണ്ടാം വർഷ ബി.ബി.എ.യിലെ ആദിൽ എൻ. 4*400 മീറ്റർ റിലേയിൽ വെങ്കലം നേടി. ഇംഗ്ലീഷ് ആൻഡ് ഹിസ്റ്ററി വിഭാഗത്തിലെ ബിജോയ് ജെ. 4*400 റിലേയിൽ വെങ്കലവും 800 മീറ്ററിൽ വെള്ളിയും നേടി.

**8. അഭിനന്ദനങ്ങൾ**

യു-23 ഇന്ത്യൻ നാഷണൽ ഫുട്ബോൾ ടീമിലേക്കു കോളേജിലെ ബി.എ ഇംഗ്ലീഷ് ആൻഡ് ഹിസ്റ്ററി വിദ്യാർത്ഥി ജോസഫ് ജസ്റ്റിൻ തിരഞ്ഞെടുക്കപ്പെട്ടു.

**9. വർക്ക് ഷോപ്പ് സംഘടിപ്പിച്ചു**

മീഡിയ വിഭാഗം ഒരു ദിവസത്തെ വർക്ക് ഷോപ്പ് ആയ 'ദി വിഷ്വൽ ലൂം : എക്സ്പ്ലറിങ് ഫാഷൻ ആൻഡ് ടെസ്റ്റൈൽ ഇൻ മീഡിയ' സംഘടിപ്പിച്ചു. മേനാച്ചേരി ഹാളിലായിരുന്നു പരിപാടി.

*** ക്രിസ്തുമസിനോടനുബന്ധിച്ച് കേക്ക് ബേക്കിങ് ഹാൻഡ്സ്-ഓപ്പൺ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

*** മീഡിയ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 'തിങ്ക്, റൈറ്റ്, ഇന്നോവേറ്റ് – റൈറ്റിങ് ഫോർ ദി ഡിജിറ്റൽ ഏജ്' എന്ന വിഷയത്തിൽ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. ശ്രീ. ഗോപിക വാരിയർ ക്ലാസ്സ് നയിച്ചു.

**10. ധ്വനി**

2025–2026 കോളേജ് ഫൈൻ ആർട്സ് ആരംഭിച്ചു. ഓഫ് സ്റ്റേജ് മത്സരങ്ങളുടെ ഉദ്ഘാടനം നടന്നു. സിനിമ താരം സുനിൽ സുഗദ ഉദ്ഘാടനം നിർവഹിച്ചു.

**11. ജേതാക്കളായി**

കാലിക്കറ്റ് സർവകലാശാല ഇന്റർ കോളേജിയറ്റ് നീന്തൽ മത്സരത്തിൽ പുരുഷ വിഭാഗത്തിൽ തൃശൂർ സെന്റ്. തോമസ് കോളേജ് വിജയികളായി.

**12. ടെക്നിക്കൽ സെഷൻ സംഘടിപ്പിച്ചു**

കമ്പ്യൂട്ടർ അപ്ലിക്കേഷൻ വിഭാഗം 'ബിട്സ്, ബൈട്സ്, ബ്രീചെസ് : എക്സ്പ്ലോറിങ് നെറ്റ്വർക്കിംഗ് ആൻഡ് സൈബർസെക്യൂരിറ്റി' എന്ന വിഷയത്തിൽ ടെക്നിക്കൽ സെഷൻ സംഘടിപ്പിച്ചു. ജോമോൻ ജോണി ക്ലാസ്സ് നയിച്ചു.

**13. വിതരണം ചെയ്തു**

എൻ.എസ്.എസ് യൂണിറ്റിന്റെ വിഭാഗത്തിൽ സെന്റ്. ആൻസ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ട് തൃശൂരിലേക്ക് പഠനോപകരണങ്ങൾ ശിശുദിനത്തിന്റെ ഭാഗമായി വിതരണം ചെയ്തു.

**14. ആചരിച്ചു**

സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലോക എയ്ഡ്സ് ദിനം ആചരിച്ചു. ശ്രീമതി അഞ്ജലി കെ.ജിയുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**15. പ്രിസം**

പ്രിസം എന്ന പേരിൽ പ്രൊഫഷണൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള രണ്ട് ദിവസത്തെ വർക്ക്ഷോപ്പ് സോഷ്യൽ വർക്ക് ഡിപാർട്ട്മെന്റ് സംഘടിപ്പിച്ചു. കുടുംബശ്രീ മിഷന്റെ ജില്ലാ പ്രോ

ഗ്രാം മാനേജർ ഡോ. മോനിഷ യു. ആയിരുന്നു പരിപാടിയുടെ റിസോഴ്സ് പേഴ്സൺ.

**16. സാന്തോം കൊയ്നോനിയ 2025**

കോളേജ് സാന്തോം കൊയ്നോണിയ 2025 കുടുംബസംഗമം നടത്തി. മാർ ടോണി നീലങ്കാവിൽ പരിപാടി ഉദ്ഘാടനം ചെയ്തു.

**17. ചവിട്ടു നാടകം**

സുസ്ഥിരവും തദ്ദേശീയവുമായ സാങ്കേതികവിദ്യകളെയും സംസ്കാരങ്ങളെയും കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായി കോളേജിൽ ചവിട്ടുനാടകം അവതരിപ്പിച്ചു.

**18. രക്തദാന ക്യാമ്പ്**

സെന്റ് തോമസ് കോളജിന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഉദ്ഘാടന കർമ്മം ചേംബർ ഓഫ് കൊമേഴ്സ് പ്ര സിഡന്റ് നിർവ്വഹിച്ചു. പ്രിൻസിപ്പൽ റവ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, സോളി കവലക്കാട്ട്, ഡോ. ഡെയ്സൻ പാണേങ്ങാടൻ എന്നിവർ പങ്കെടുത്തു.

**ഫാ. ബിജു പാണേങ്ങാടൻ** (എക്സി. മാനേജർ)

**മെസ്റ്റിൻ പി.സി** (പി.ആർ.ഒ)

## മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

**ഹോളി മാസ്**

ഡിസംബർ മാസത്തിലെ ഹോളിമാസ് ആദ്യ വെള്ളിയാഴ്ച ഡിസംബർ 5ന് രാവിലെ 11 മണിക്ക് നടന്നു.

**കായികമേള സംഘടിപ്പിച്ചു**

ഡിസംബർ 8 തിങ്കളാഴ്ച കായികമേള സംഘടിപ്പിച്ചു. ജ്യോതി എജിനീയറിംഗ് കോളേജ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച കായികമേള യിൽ പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ഉൽഘാടനം നിർവ്വഹിച്ചു. വിവിധയിനം കായിക ഇനങ്ങളിലായി ഒന്നും രണ്ടും വർഷ ബി.എഡ് വിദ്യാർത്ഥികൾ വാശിയേറിയ കായിക മത്സരങ്ങൾ കാഴ്ചവെച്ചു.

## സിനർജി സീരീസ്

33-ാം സിനർജി സെമിനാർ ഡിസംബർ 10 ബുധനാഴ്ച സംഘ ടിപ്പിച്ചു. ഫിലോസഫി അസിസ്റ്റന്റ് പ്രൊഫസർ ദ്യവ്യ.കെ 'എൻവി യോൺമെന്റൽ ലിറ്ററസി ത്രൂ സയൻസ് കമ്മ്യൂണിറ്റി പാർട്ടണർഷിപ്പ്' എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും സജീവ പങ്കാളികളായി.

## മനുഷ്യാവകാശ ദിനാഘോഷം

ഡിസംബർ 10 ബുധനാഴ്ച രാവിലെ 10 മണിക്ക് കൺസ്യൂമർ പ്രൊട്ടക്ഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മനുഷ്യാവകാശ ദിനാ ഘോഷം നടത്തി.

## ചാർട്ട്, മോഡൽ വർക്ഷോപ്പ് സംഘടിപ്പിച്ചു

2025-2027 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ചാർട്ട് വർക്ക് ഷോപ്പും ഡിസംബർ 15, 16 എന്നീ ദിവസങ്ങളിലായി നടത്തി.

## അരങ്ങ് കൾച്ചറൽ പ്രോഗ്രാം

2025-27 ബാച്ചിന്റെ കൾച്ചറൽ പ്രോഗാമായ അരങ്ങിന്റെ ഭാഗമായി ഡിസംബർ 18 വ്യാഴാഴ്ച 'മാപ്പിളപ്പാട്ട് മത്സരം' സംഘടിപ്പിച്ചു.

## മന്തിലി ഫീഡ്ബാക്ക്

വിദ്യാർത്ഥികൾക്കായി നവംബർ മാസത്തെ കോളേജ് പ്രവർത്ത നങ്ങളുടെ മന്തിലി ഫീഡ്ബാക്ക് ഡിസംബർ 19 വെള്ളിയാഴ്ച സംഘടിപ്പിച്ചു. മാത്സ് വിഭാഗം വിദ്യാർത്ഥികൾ പരിപാടിക്ക് നേ തൃത്വം വഹിച്ചു. വിവിധയിനം കലാപരിപാടികളും മത്സരങ്ങളും അരങ്ങേറി

## ക്രിസ്തുമസ് ആഘോഷം

ഡിസംബർ 23 ചൊവ്വാഴ്ച ക്രിസ്തുമസ് ആഘോഷം സംഘടി പ്പിച്ചു. മോൺ.ജോസ് കോനിക്കര (മാനേജർ എം.ജെ.ടി.സി) ഉത്ഘാ ടനം ചെയ്തു സംസാരിച്ചു. റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി (അസി. മാനേജർ), റവ.ഡോ.ചാക്കോ ചിറമ്മൽ (പ്രിൻസിപ്പാൾ) അധ്യാപകരും ക്രിസ്തുമസ് ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്രിസ്തുമസിനോട് അനുബന്ധിച്ചുള്ള വിവിധതരം കലാപരിപാടികൾ അരങ്ങേറി. ഡിസംബർ 23-ാം തിയ്യതി മുതൽ ക്രിസ്തുമസ് അവധിക്കായി കോളേജ് അടച്ചു.

**ഫാ. ചാക്കോ ചിറമ്മൽ** *കോളേജ് പ്രിൻസിപ്പൽ*

ഫാ. ഷിജു ചിറ്റിലപ്പിള്ളി *അസി.മാനേജർ*

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

*2 (വെള്ളി) – ആദ്യവെള്ളി, വി. കുർബാന*

*3 (ശനി) – വി. ചാവറ കുരിയാക്കോസ് ഏലിയാസ്*

*6 (ചൊവ്വ) – നഹാത്തിരുനാൾ*

*12 (തിങ്കൾ) – ദേശീയ യുവജനദിനം*

*20 (ചൊവ്വ) – വി. സെബസ്ത്യാനോസ്*

*26 (തിങ്കൾ) – ഇന്ത്യൻ റിപ്പബ്ലിക് ദിനം*

*30 (വെള്ളി) – ലോകസമാധാനദിനം*

**2. സ്ഥലമാറ്റ അപേക്ഷകൾ**

പ്രിൻസിപ്പാൾമാരുടെയും പ്രധാനാധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 31 (ശനി). 31–5–2026 ൽ ഒരേ വിദ്യാലയത്തിൽ തന്നെ 5 വർഷം സേവനം പൂർത്തിയാക്കുന്ന പ്രധാനാധ്യാപകരും അതുപോലെ തന്നെ 5 വർഷം പൂർത്തിയാകുന്ന അനധ്യാപകരും സ്ഥലമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. 31–5–2026 ൽ 5 വർഷം പൂർത്തിയാകുന്ന പ്രധാനാധ്യാപകരുടെയും അനധ്യാപകരുടെയും ലിസ്ററ് 17–1–2025 (ശനി) ന് മുൻപ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വിരമിക്കുന്നതിന് 2 വർഷം മാത്രമുള്ള പ്രധാനാധ്യാപകരും അനധ്യാപകരും സ്ഥലമാററത്തിന് അപേക്ഷ സമർപ്പിക്കണമെന്ന് നിർബന്ധമില്ലയെന്നും അറിയിക്കുന്നു.

**3. മെയിന്റനൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ സ്കൂളിന് ലഭിച്ചുകഴിഞ്ഞാൽ എത്രയും വേഗത്തിൽ അത് ഏജൻസി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**4. ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2025 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (3 വരെ) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2026 ഫെബ്രുവരി 10 (ചൊവ്വ) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**5. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിതഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 31 (ശനി).

**6. റിട്ടയർമെന്റ് ലിസ്റ്റ്**

2025-2026 വർഷത്തിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകാഫോമിൽ കാണുംവിധം എഴുതി 2026 ജനുവരി 13 (ചൊവ്വ) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ Nil റിപ്പോർട്ട് നൽകുമല്ലോ.

**RETIREMENT LIST (2025-2026)**
**(SPECIMEN PROFORMA)**

| Sl. No. | Name of Staff Member | Designation | Date of Birth | Date of Retirement | Name of the Parent school |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date: Signature of the
Place: (Seal) Principal/Headmaster/Headmistress.

Note: Parent School means: - School from where Nomination is received.

**Schools which produced the results from the total number of Students above 30 in the centralised examination Std. IV – 2025-2026**

| Sl. No. | NAME OF SCHOOL | Students Appeared | Passed | Percentage 2025-2026 | Percentage 2024-2025 |
|---|---|---|---|---|---|
| 1. | St. Thomas U.P.S., Koonammuchi | 87 | 74 | 85.05 | 85.04 |
| 2. | St. Antony's U.P.S., Kodannur | 41 | 32 | 78.04 | 86.88 |
| 3. | St. Joseph's H.S., Enamakkal | 31 | 23 | 74.19 | 52.38 |
| 4. | St. Antony's L.P.S., Varandarappilly | 89 | 65 | 73.03 | 81.39 |
| 5. | St. Thomas L.P.S., Thiroor | 128 | 92 | 71.87 | 81.69 |
| 6. | R.C.C.L.P.S., East Mangad | 33 | 22 | 66.66 | 30.77 |
| 7. | St. John's L.P.S., Parappur | 62 | 41 | 66.12 | 70.12 |
| 8. | St. Joseph's L.P.S., Pavaratty | 53 | 35 | 66 | 73.13 |
| 9. | C.A.L.P.S., Chevoor | 34 | 22 | 64.7 | 68.75 |
| 10. | St. Antony's L.P.S., Attupuram | 96 | 62 | 64.58 | 72.16 |
| 11. | Matha H.S., Mannampetta | 61 | 39 | 63.93 | 66.66 |
| 12. | St. Joseph's U.P.S., Kundannur | 100 | 58 | 58 | 74.02 |
| 13. | St. Xavier's U.P.S., Velur | 75 | 41 | 54.6 | 57.6 |
| 14. | St. Mary's U.P.S., Vendore | 41 | 22 | 53.6 | 57.14 |
| 15. | St. Francis Xavier's R.C.U.P.S., Vatanappally | 75 | 39 | 52 | 46.73 |
| 16. | St. Sebastian's H.S., Chittattukara | 83 | 43 | 51.8 | 48.64 |
| 17. | St. Thomas L.P.S., Palayoor | 37 | 19 | 51.35 | 57.4 |
| 18. | St. Francis L.P.S., Wadakkanchery | 110 | 56 | 50.9 | 71.2 |

**Schools Which Produced The Results From The Total Number Of Students Below 30 In The Centralised Examination Std. Iv – 2025-2026.**

| Sl. No. | Name Of School | Students Appeared | Passed | Percentage 2025-2026 | Percentage 2024-2025 |
|---|---|---|---|---|---|
| 1. | St. Mary's L.P.S., Engandiyur | 2 | 2 | 100 | 66.66 |
| 2. | St. Francis L.P.S., Pudussery | 12 | 12 | 100 | 78.57 |
| 3. | St. Mary's L.P.S., Puthumanassery | 1 | 1 | 100 | 100 |
| 4. | Pope John L.P.S., Kuriachira | 7 | 7 | 100 | 100 |
| 5. | Church School, Karamuck | 1 | 1 | 100 | 100 |
| 6. | St. Joseph's L.P.S., Chiranellur | 3 | 3 | 100 | 66.66 |
| 7. | St. Francis L.P.S., Attathara | 20 | 19 | 95 | 90.75 |
| 8. | R.C.U.P.S., Thoyakkavu | 16 | 15 | 93.75 | 43.75 |
| 9. | St. Antony's L.P.S., Pudukad | 29 | 25 | 86.21 | 70.73 |
| 10. | St. Mary's A.L.P.S., Pallissery | 18 | 15 | 83.3 | 91.3 |
| 11. | Tharakan's L.P.S., Aranattukara | 16 | 13 | 81.25 | 81.81 |
| 12. | L.F.L.P.S., Ponnore | 14 | 11 | 78.57 | 95.23 |
| 13. | A.L.P.S., Thiruvenkidom | 18 | 14 | 77.78 | 75 |
| 14. | St. Ignatius U.P.S., Manalur | 21 | 16 | 76.19 | 54.16 |
| 15. | Mission Home L.P.S., Mariapuram | 29 | 22 | 75.86 | 66.66 |
| 16. | R.C.U.P.S., Kottapady | 24 | 18 | 75 | 51.85 |

| | | | | | |
|---|---|---|---|---|---|
| 17. | St. Thomas L.P.S., Arthat | 13 | 9 | 69.23 | 80 |
| 18. | St. Louis L.P.S., Venmenad | 16 | 11 | 68.75 | 91.67 |
| 19. | St. Thomas C.G.S., Kanjany | 3 | 2 | 66.66 | 75 |
| 20. | St. Mary's L.P.S., Enamakkal | 6 | 4 | 66.66 | 57.14 |
| 21. | St. Antony's U.P.S., Poovathur | 27 | 15 | 55.55 | 23.68 |
| 22. | St. Jose A.L.P.S., Marathakara | 18 | 10 | 55.55 | 52 |
| 23. | St. Sebastian's R.C.L.P.S., Valapad | 19 | 10 | 52.63 | 68 |
| 24. | A.L.P.S., Palissery | 2 | 1 | 50 | 66.66 |
| 25. | St. Mary's U.P.S. Lourdes, Thrissur | 30 | 14 | 46.66 | - |

**ഫാ. ജോയ് അടമ്പുകുളം**
കോർപറേറ്റ് മാനേജർ

## പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**Graduation ceremony**

പോപ്പ് പോൾ eral, Karela Institute of local Administration) ഉദ്ഘാടനം ചെയ്തു. മോൺ. ജോസ് കോനിക്കര അദ്ധ്യക്ഷത വഹിക്കുകയും അവാർഡ് ദാനം നടത്തുകയും ചെയ്തു. പ്രിൻസിപ്പൽ ഫാ. ജോൺസൻ അന്തിക്കാട്ട് പ്രതിജ്ഞ ചൊല്ലികൊടുത്തു.

കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയ മേഴ്സി ഹോം ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ നിന്നും കഴിഞ്ഞ വർഷം പാസ്സ് ഔട്ടായ (B.Ed & D.Ed Special Education) 60 പേരുടെ Graduation Ceremony നിസാമുദീൻ A. IAS (Director ജനത്തിനു കീഴിൽ പ്രവർത്തിക്കുന്ന

ജൻശിക്ഷൺ സൻസ്ഥാൻ (JSS) ന്റെ നേതൃത്വത്തിൽ പോപ്പ് പോൾ മേഴ്സി ഹോമിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി നടത്തുന്ന കേന്ദ്ര ഗവൺമെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ Graduation Ceremony ശ്രീമതി. സുധാ സോളമൻ (JSS Director) ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു.

**'കൂടെ' പ്രോഗ്രാം**

തൃശ്ശൂർ കളക്ട്രേറ്റിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ വിപണിയും പ്രദർശനവുമായി രണ്ട് ദിവസങ്ങളിലായി നടന്ന 'കൂടെ' എന്ന പ്രോഗ്രാമിലേക്ക് പോപ്പ് പോൾ മേഴ്സി ഹോം വിദ്യാർത്ഥികൾ പങ്കെടുത്തു. പോപ്പ് പോൾ മേഴ്സി ഹോം Able angles സിന്റെ ശിങ്കാരി മേളം കളക്ട്രേറ്റിൽ അവതരിപ്പിച്ചു. ജില്ല കളക്ടർ. ശ്രീ. അർജുൻ പാണ്ഡ്യൻ, സബ് കളക്ടർ. ശ്രീ. അഖിൽ വി. മേനോൻ, തുടങ്ങിയ വിശിഷ്ട വ്യക്തികൾ പങ്ക് ചേർന്നു.

**ആദരിച്ചു**

കേന്ദ്ര ഗവൺമെന്റിന്റെ Swatch Survekshon സർവ്വേയിൽ വടക്കാഞ്ചേരി നഗരസഭയിൽ അവാർഡിന് അർഹമായ പോപ്പ് പോൾ മേഴ്സി ഹോമിന് വേണ്ടി ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ട് ശ്രീ. സേവ്യാർ ചിറ്റിലപ്പിള്ളി MLA യിൽ നിന്നും ആദരം ഏറ്റുവാങ്ങി.

**Special Olympics**

ഒഡീഷയിൽ വച്ച് നടത്തിയ സ്പെഷ്യൽ ഒളിപിക്സ് നാഷ്ണൽ ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ ജോയ്. ജെ, അലീന പി. ജോൺസൻ എന്നിവർ ഗോൾഡ് മെഡൽ ജേതാക്കളായി.

കൽക്കട്ടയിൽ വച്ച് നടത്തിയ നാഷ്ണൽ ഫുട്ബോൾ മത്സരത്തിൽ അശ്വിൻ പി. വെള്ളി മെഡൽ നേടുകയും ബസ്റ്റ് സ്ട്രൈയ്ക്കറായി ആയി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. നാഷ്ണൽ ചാംപ്യൻസിനെ വടക്കാഞ്ചേരി നഗരസഭ അനുമോദിച്ചു

**സൗജന്യ തൊഴിൽ പരിശീലനം ആരംഭിച്ചു**

ഭിന്നശേഷിക്കാരുടെ സ്വയം പര്യാപ്തത ലഷ്യമിട്ടുകൊണ്ട് ജൻ ശിക്ഷൺ സൻസ്ഥാൻ (JSS) നടത്തി വരുന്ന Central Government Certificate Course-Fruits & vegetables Processing and Preservation കോഴ്സിന്റെ ഉദ്ഘാടനം JSS Thrissur ഡയറക്ടർ സുധാ സോളമൻ നിർവ്വഹിച്ചു.

### സ്പെഷ്യൽ സ്കൂൾ കലോത്സവം

ജില്ല സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പോപ്പ് പോൾ മേഴ്സി ഹോം ഓവറോൾ കിരീടം നേടി. 50 സ്കൂളിൽ നിന്നായി 400 ൽ അധികം പേർ പങ്കെടുത്ത കലോത്സവത്തിൽ 88 പോയിന്റ് നേടിയാണ് പോപ്പ് പോൾ മേഴ്സി ഹോം ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

മലപ്പുറത്ത് നടന്ന സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ ID വിഭാഗത്തിൽ 51 പോയിന്റ് നേടി. പോപ്പ് പോൾ മേഴ്സി ഹോം ഫസ്റ്റ് റണ്ണറപ്പ് സ്ഥാനം കരസ്ഥമാക്കി.

### കളക്ടറുടെ ആദരം

ഭിന്നശേഷി സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ ഉന്നത വിജയം നേടിയ പോപ്പ് പോൾ മേഴ്സി ഹോമിനെ ജില്ലാ കളക്ടർ ശ്രീ. അർജുൻ പാണ്ഡ്യൻ, വിദ്യാഭ്യാസ ഉപ ഡയറക്ടർ പി.എം ബാലകൃഷ്ണൻ എന്നിവർ ചേർന്ന് കളക്ട്രേറ്റിൽ വച്ച് ആദരിച്ചു.

### 'സ്നേഹസംഗമം' കലോത്സവം

തങ്ങാലൂർ ദേവമാത ഇന്റർ നാഷ്ണൽ സ്കൂളിൽ നടത്തിയ സ്നേഹസംഗമം ജില്ലാ സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പോപ്പ് പോൾ മേഴ്സി ഹോം ഓവറോൾ കിരീടം നേടി.

### International Disability Day

പോപ്പ് പോൾ മേഴ്സി ഹോമിൽ ഇന്റർ നാഷ്ണൽ ഡിസബലിറ്റി ഡേ ആഘോഷിച്ചു. മുണ്ടത്തിക്കോട് ഫാമിലി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ Dr. പോൾ M.F ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളും ടീച്ചർ ട്രെയ്നീസും വിവിധ കലാപരിപാടകൾ അവതരിപ്പിച്ചു.

തൃശ്ശൂർ ടൗൺ ഹാളിൽ നടത്തിയ ജില്ലാതല ഭിന്നശേഷി ആഘോഷത്തിൽ സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രൂപ്പ് ഡാൻസ് പോപ്പ് പോൾ മേഴ്സി ഹോം വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

### മെഡിക്കൽ ക്യാമ്പ് നടത്തി

മുണ്ടത്തിക്കോട് ഫാമിലി ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ ത്വക്ക്, ചെസ്റ്റ്, കണ്ണ്, എന്നിവയുടെ രോഗ നിർണയ ക്യാമ്പ് രണ്ട് ദിവസങ്ങളിലായി നടത്തി.

**പുത്തൂർ സുവോളജിക്കൽ പാർക്ക് സന്ദർശനം**

പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് മന്ത്രി കെ.രാജന്റെ ക്ഷണം സ്വീകരിച്ച് പോപ്പ് പോൾ മേഴ്സി ഹോമിലെ കുട്ടികൾ മന്ത്രിയോടൊപ്പം ഒരു ദിനം ചിലവഴിച്ചു.

**നവീകരിച്ച സ്കൂൾ ക്യാമ്പസ് ഉദ്ഘാടനം**

പോപ്പ് പോൾ മേഴ്സി ഹോമിൽ നവീകരിച്ച സ്കൂൾ ക്യാമ്പസ് അസിസ്റ്റന്റ് ജില്ലാ കളക്ടർ സ്വാതി മോഹൻ റാത്തോട് IAS ഉദ്ഘാടനം ചെയ്തു

**വിളവെടുപ്പ് ഉദ്ഘാടനം**

ആശാനിലയത്തിലെ 250 നേന്ത്ര വാഴ കുലകളുടെ വിളവെടുപ്പ് കുന്നംകുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് സി.ആർ സന്തോഷ് നിർവ്വഹിച്ചു.

**പോപ്പ് പോൾ മേഴ്സി ഹോം Able angles Team**

വത്തിക്കാനിലെ മാനവ വികസന കമ്മീഷന്റെ പ്രസിഡന്റായ കർദിനാൾ മിഖായേൽ സെർണി വെട്ടുക്കാട് സ്നേഹാശ്രമത്തിൽ സന്ദർശനം നടത്തിയപ്പോൾ ചെണ്ട വാദ്യ അകമ്പടിയോടെ സ്വീകരിച്ചു. ലൂർദ്ദ് പള്ളി, കുണ്ടന്നൂർ സ്കൂൾ, ആർത്താറ്റ് ഹോളിക്രോസ് സ്കൂൾ, കുരിയച്ചിറ പബ്ലിക് സ്കൂൾ, ജ്യോതി എൻജിനീയറിങ്ങ് കോളേജ് എന്നിവിടങ്ങളിൽ Able angles Team ടീം ശിങ്കാരി മേളം അവതരിപ്പിച്ചു.

കൊച്ചിയിൽ വെച്ച് നടന്ന ഫ്ളൈ വിങ്ങ്സ് മെഗാ ഷോയിൽ ഗിന്നസ് പക്രുവിനും വൈക്കം വിജയ ലക്ഷ്മിക്കുമൊപ്പം Able angles Team ശിങ്കാരി മേളവും, കോമഡി ഷോയും, ഡാൻസും അവതരിപ്പിച്ചു.

**Birth Day Celebration**

പോപ്പ് പോൾ മേഴ്സി ഹോമിലെ കുഞ്ഞുങ്ങളുടെ എല്ലാവരുടെയും ഒരുമിച്ച് ജന്മദിനം ആഘോഷിക്കുന്ന ചടങ്ങിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൂടി ജന്മദിനം ആഘോഷിച്ചു. ഈ ചടങ്ങിൽ വടക്കാഞ്ചേരി ഫൊറോന വികാരി Rev.Fr.വർഗ്ഗീസ് തരകൻ അദ്ധ്യക്ഷ വഹിച്ചു. Kila അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ രാജ് മുഖ്യ അതിഥിയായിരുന്നു

**കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ**

ചിറ്റിലപ്പിള്ളി ഫൗണ്ടേഷ്ൻ പോപ്പ് പോൾ മേഴ്സി ഹോമിന്

സ്കൂൾ ബസ്, ഓപ്പൺ ജിം, ഇൻട്രാക്ടീവ് സ്മാർട്ട് ബോർഡ്എന്നിവ സമ്മാനിച്ചു.

**ക്രിസ്തുമസ് 2സ25**

ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി കരോൾ ഗാനം, പുൽക്കൂട്, ക്രിസ്തുമസ് ട്രീ മത്സരങ്ങൾ  നടത്തി .അത്താണി പ ള്ളിയിൽ നിന്ന് ആരംഭിച്ച് അമ്പലപുരം സെന്റർ വരെ മുന്നൂറോളം പാപ്പമാർ അണിനിരന്ന മെഗാ കരോൾ സങ്കടിപ്പിച്ചു ഫ്ളാഷ് മോബും വർണ ശബളമായ അലങ്കാരങ്ങളും വാദ്യമേളങ്ങളും ക്രിസ്തുമസ് ആഘോഷത്തെ ഭംഗിയാക്കി.

# ചിൽഡ്രൻസ് മിനിസ്ട്രി

**അതിരൂപതാതല സമ്മാനദാനം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതാതലത്തിൽ നടത്തിയ ആമി ജെസു ചാലഞ്ച്, ബൈബിൾ പൂക്കളേഴ്സ്,  കലാസാഹിത്യ മത്സരങ്ങൾ, സെയിന്റ്സ് ക്വിസ് എന്നീ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനങ്ങൾ ജനുവരി 18 ഞായറാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ 5.00 വരെ തൃശ്ശൂർ ഡി.ബി. സി.എൽ.സി. യിൽ വെച്ച് നല്കപ്പെടുന്നു. അന്നേ ദിവസം തന്നെ കലാമത്സരങ്ങളിൽ ഓവറോൾ നേടിയവർക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളക്ഷൻ പ്രയർ ഫ്രണ്ട് കളക്ഷൻ  ജീസസ്സ് ബെർത്ത്ഡേ പാർട്ടി സംഭാവന കൂപ്പൺ എന്നിവയിൽ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റുകൾക്കുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. സമ്മാനാർഹരായവർ അന്നേദിവസം കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

**പ്രാത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം : 'കർത്താവ് നിന്നെ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ.' സംഖ്യ: 6:24

സുകൃതജപം : യേശുവേ, എന്നെ നയിക്കണമേ

പ്രാർഥനാനിയോഗം : ഈശോയെ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുകയും,

കുടുംബങ്ങളിലും സമൂഹങ്ങളിലും ഐക്യവും സ്നേഹവും

സമാധാനവും നിറയ്ക്കുകയും ചെയ്യേണമേ.

**പരിചയപ്പെടുന്ന വിശുദ്ധൻ :**

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇറ്റലിയിലെ ടൂറിനിൽ, സമ്പന്നനും പ്രമുഖ പത്രമായ 'ലാ സ്റ്റാമ്പ'യുടെ ഉടമയുമായിരുന്ന ആൽഫ്രഡോ ഫ്രസാത്തിയുടെ മകനായി പിയർ ജോർജിയോ ഫ്രസാത്തി (19.01.1925) ജനിച്ചു. എല്ലാ ഭൗതിക സുഖങ്ങളും ഉണ്ടായിരുന്നിട്ടും, അദ്ദേഹം ലൗകിക പദവികളെ അവഗണിച്ച് ക്രിസ്തീയ സ്നേഹത്തിന്റെ ഉദാത്തമായ മാതൃകയായി സ്വയം മാറി. വെറും 24 വർഷം മാത്രം നീണ്ട അദ്ദേഹത്തിന്റെ ജീവിതം, ദിവ്യകാരുണ്യത്തോടുള്ള അഗാധമായ ഭക്തിയും ദരിദ്രരോടുള്ള അർപ്പണബോധവും സമന്വയിപ്പിച്ചതായിരുന്നു.

ചെറുപ്പത്തിൽ തന്നെ, ചെരിപ്പില്ലാത്ത കുട്ടിക്ക് സ്വന്തം ഷൂ ഊരി നൽകിയും, പാവപ്പെട്ടവരെ വീട്ടിൽ കൊണ്ടുവന്ന് പരിചരിച്ചും ജോർജിയോ തന്റെ സഹാനുഭൂതി വെളിപ്പെടുത്തി. ഖനികളിലെ തൊഴിലാളികളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടാണ് അദ്ദേഹം ടൂറിൻ പോളിടെക്നിക് യൂണിവേഴ്സിറ്റിയിൽ ഖനന എഞ്ചിനീയറിംഗിന് പഠിച്ചത്. ജോർജിയോയുടെ ശക്തിസ്രോതസ്സ് ദിവസേനയുള്ള കുർബാന സ്വീകരണമായിരുന്നു. 'യേശുക്രിസ്തുവിനെ ദിവസവും സ്വീകരിക്കുന്നതിലൂടെ, എനിക്ക് എന്റെ ഭാരങ്ങളെ വഹിക്കാൻ കഴിയും' എന്ന് അദ്ദേഹം വിശ്വസിച്ചു. ഈ ശക്തി അദ്ദേഹത്തെ കത്തോലിക്കാ ആക്ഷൻ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തുടങ്ങിയ യുവജന പ്രസ്ഥാനങ്ങളിൽ സജീവമാക്കി.

ഫ്രസാത്തിയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ അധ്യായം ദരിദ്രർക്കിടയിലെ അദ്ദേഹത്തിന്റെ 'രഹസ്യ ദൗത്യം' ആണ്. വീട്ടിൽ വെളിപ്പെടുത്താതെ, സമ്പന്നനായ ഒരു യുവാവിനെപ്പോലെ വസ്ത്രധാരണം ചെയ്യാതെ, അദ്ദേഹം ടൂറിനിലെ ചേരികളിൽ ഭവനരഹിതർക്ക് ഭക്ഷണം നൽകുകയും രോഗികളെ പരിചരിക്കുകയും ചെയ്തു. സ്വന്തം പോക്കറ്റ് മണിയും വസ്ത്രങ്ങളും അദ്ദേഹം സാധുക്കൾക്കായി ചെലവഴിച്ചു. വീട്ടുകാർ ചിലപ്പോൾ അദ്ദേഹത്തെ 'അലസനായി' കണ്ടെങ്കിലും, അദ്ദേഹം ദാരിദ്ര്യത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഒരു 'വിശുദ്ധന്റെ' ജീവിതമാണ് നയിച്ചത്. പർവതാരോഹണത്തെ അദ്ദേഹം ഒരു ആത്മീയ യാത്രയായി കണ്ടു. 'പർവതങ്ങൾ എന്റെ ഹൈവേ ടു ഹെവൻ ആണ്' എന്ന് അദ്ദേഹം പറഞ്ഞു. 'വേർസോ ല'ആൾട്ടോ' ('ഉയരങ്ങളിലേക്ക്') എന്ന മുദ്രാവാക്യം, എല്ലാ ശ്രമങ്ങളെയും ദൈവത്തിലേക്കുള്ള ആരോഹണമായി കാണണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. രാഷ്ട്രീയ

പരമായി അദ്ദേഹം ഫാസിസത്തെ എതിർക്കുകയും കത്തോലിക്കാ സഭയുടെ അവകാശങ്ങൾക്കായി നിലകൊള്ളുകയും ചെയ്തു.

1925 ജൂലൈ 4ന്, 24ാം വയസ്സിൽ പോളിയോമൈലൈറ്റിസ് ബാധിച്ച് അദ്ദേഹം മരണപ്പെട്ടു. പാവങ്ങളെ പരിചരിക്കുന്നതിനിടയിലാകാം രോഗം പിടിപെട്ടത്. സ്വന്തം മരണക്കിടക്കയിലും, രോഗിയായ ഒരു പാവപ്പെട്ട മനുഷ്യന് മരുന്ന് എത്തിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങിൽ ടൂറിൻ നഗരത്തിലെ ആയിരക്കണക്കിന് സാധുജനങ്ങളാണ് പങ്കെടുത്തത്. അപ്പോഴാണ് തങ്ങളുടെ മകന്റെ വിശുദ്ധി കുടുംബം പൂർണ്ണമായി മനസ്സിലാക്കിയത്.

1990 മെയ് 20ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.2025 സെപ്റ്റമ്പർ 7 ന് ലിയോ പതിനാലാമൻ മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തി. ഇന്ന്, പിയർ ജോർജിയോ ഫ്രസാത്തി, യുവജനങ്ങൾക്ക്, യഥാർത്ഥ സന്തോഷം ദൈവത്തിലും മറ്റുള്ളവരെ സേവിക്കുന്നതിലുമാണ് എന്ന് പഠിപ്പിക്കുന്ന ഒരു ഉജ്ജ്വലമായ സാക്ഷ്യമാണ്.

പ്രവർത്തനം: വീട്ടിൽ വയസ്സായിട്ടുള്ളവരെ സഹായിക്കുകയും അവരുടെ കൂടെ സമയം ചെലവഴിക്കുകയും ചെയ്യുക, അവർക്കു പ്രത്യേക പരിഗണനയും സ്നേഹവും നൽകുക.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ** SSPC
കോർഡിനേറ്റർ

# മദ്യവിരുദ്ധസമിതി

**സന്ദർശനം – 03.12.2025**

വി. ഫ്രാൻസീസ് സേവ്യറുടെ തിരുനാളിനോടനുബന്ധിച്ച് 30–ഓളം മദ്യ-ലഹരി വിരുദ്ധ പ്രവർത്തകർ സ്ഥാപക പിതാവായ മാർ ജേക്കബ് തൂങ്കുഴിയുടെ കബറിടം 03.12.2025 ന് സന്ദർശിച്ചു. ക്രിസ്തുദാസി സഹോദരിമാരുടെ ജനറലേറ്റിലെ ചാപ്പലിൽ ഫാ. പോൾസൺ തട്ടിൽ ആണ് ബലിയർപ്പിച്ചത്. മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ഡയറക്ടറച്ചൻ വചനസന്ദേശം നൽകി. പിതാവിന്റെ ഏതാനും കുടുംബാംഗങ്ങളും പങ്കെടുത്തുവെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. പിതാവിനോടുള്ള സ്നേഹാദരസൂചകമായി സംഘടന തയ്യാറാക്കിയ 'പ്രണാമം' എന്ന സ്മരണികയുടെ കോപ്പികൾ മദർ ജനറാൾ സി. ടീനയ്ക്കും തൂങ്കുഴി കുടുംബത്തിനും തദവസരത്തിൽ സമ്മാനിച്ചു. കൺവീനർ സി. എൻസ്വീഡ് സി.എസ്.സി., ശ്രീ. വി.എം. അഗസ്റ്റിൻ, ശ്രീ. സിജോ ഇഞ്ചോടിക്കാരൻ, ശ്രീ. കൊച്ചുവർക്കി തുടങ്ങിയവരാണ് നേതൃത്വ മരുളിയത്. തുടർന്ന് പെരുവയൽ എന്ന സ്ഥലത്തെ വി. ഫ്രാൻസീസ് സേവ്യറിന്റെ ദൈവാലയം സന്ദർശിച്ച് ഈ വിശുദ്ധൻ 16–ാം നൂറ്റാണ്ടിലെ ലഹരി വിരുദ്ധ പ്രചാരകനായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തി.

**2. മദ്ധ്യമേഖല സമ്മേളനം – 06.12.2025**

കെ.സി.ബി.സി. മദ്യ- ലഹരിവിരുദ്ധ സമിതിയുടെ മദ്ധ്യമേഖല സമ്മേളനം പാലക്കാട് പാസ്റ്ററൽ സെന്ററിൽ 06.12.2025 ശനിയാഴ്ച സംഘടിപ്പിച്ചു. പാലക്കാട് രൂപതയിലെ സംഘടനാപ്രതിനിധികൾക്കു വേണ്ടി രാവിലെ മദ്ധ്യമേഖല ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ബോധവൽക്കരണ ക്ലാസ് നടത്തി. ഉച്ചതിരിഞ്ഞ് രൂപതാദ്ധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ മദ്ധ്യമേഖല സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ. ബാബു എടാട്ടുകാരന്റെ (മേഖല പ്രസിഡന്റ്) അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചത് ദേവസ്സി പന്തല്ലൂക്കാരനച്ചനാണ്. രൂപത ഡയറക്ടർ ഫാ. ജോസ് കൊച്ചുപറമ്പിൽ സ്വാഗതവും സെക്രട്ടറി ജോയേൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു.

**3. എലപ്പുള്ളി സമരത്തിനു ഐക്യദാർഢ്യം**

ബ്രൂവെറിക്കെതിരെ സമരം നടക്കുന്ന എലപ്പുള്ളിയിൽ

മദ്യ-ലഹരി വിരുദ്ധ പ്രവർത്തകർ സന്ദർശിക്കുകയും പിന്തുണ അറിയിക്കുകയും ചെയ്തു. ശ്രീ. മാത്യു കല്ലടിക്കോട് എല്ലാവർക്കും ഹൃദ്യമായി സ്വാഗതമരുളി. ബ്രൂവെറിക്ക് അനുമതി നൽകിയ സർക്കാർ ജനദ്രോഹമാണ് ചെയ്തതെന്ന് തുറന്നടിച്ച് മേഖല ഡയറക്ടർ സമരയോദ്ധാക്കൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**4. പ്രത്യേകം ശ്രദ്ധിക്കുക**

A. യൂണിറ്റ് - ഫൊറോന തല തെരഞ്ഞെടുപ്പുകൾ നേരത്തേ അറിയിച്ചിട്ടുള്ളതുപോലെ ഡിസംബർ 28 നു മുമ്പ് പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർ മുൻകൈ എടുക്കണം.

B. അതിരൂപത തലത്തിലുള്ള തെരഞ്ഞെടുപ്പ് 2026 ജനുവരി അവസാനത്തോടെ സംഘടിപ്പിക്കുന്നതാണ്.

C. ക്രിസ്തുമസ് മദ്യവിമുക്തമാക്കുക എന്ന ആഹ്വാനത്തോടെ പതിവായി നടത്തിവരുന്ന ഉപവാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട വേദിയിൽ സജ്ജീകരിക്കുന്നുണ്ട്.

D.തിരുനാൾ ആഘോഷങ്ങൾ ലഹരി വിമുക്തമാക്കുക എന്ന മുന്നറിയിപ്പ് എല്ലാ യൂണിറ്റുകളിലും പ്രദർശിപ്പിക്കുന്നതിന് ഭാരവാഹികൾ താല്പര്യമെടുക്കുക.

NB. B, C എന്നിവയുടെ സ്ഥല-സമയ വിശദാംശങ്ങൾ വൈകാതെ അറിയിക്കുന്നതാണ്.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ** — **ശ്രീ. ലിന്റോ ഫ്രാൻസിസ്**

ഡയറക്ടർ — പി.ആർ.ഒ.

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി

തൃശൂർ അതിരൂപത ലീജിയൻ ഓഫ് മേരിയുടെ കമ്മീസിയം മീറ്റിംഗ് അതിരൂപതാ പാസ്റ്ററൽ സെന്ററിലെ കമ്മീസിയം ഓഫീസിൽ വെച്ച് നടന്നു. ബ്ര. സണ്ണി കാട്ടൂക്കാരൻ അദ്ധ്യക്ഷനായിരുന്ന പ്രസ്തുത മീറ്റിംഗിൽ വിവിധ കൂരിയകളിലെ മുപ്പതോളം ഉദ്യോഗസ്ഥർ പങ്കെടുത്തു. ഡിസംബറിൽ മൂന്നാമത്തെ ഞായറാഴ്ച ലീജിയൻ ഓഫ് മേരി സംഘടനയുടെ വാർഷികം നടത്തുന്നതിനും വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുന്നതിന്

പിതാക്കൻമാരിൽ ആരെങ്കിലും വേണമെന്ന് യോഗത്തിൽ തീരുമാനിച്ചു. വാർഷികാഘോഷം സെന്റ് മേരീസ് കോളേജിലെ ഓഡിറ്റോറിയത്തിൽ വെച്ച് ഉച്ചക്ക് 1 മണി മുതൽ 5 മണി വരെയുള്ള സമയത്ത് നടത്താനും തീരുമാനിച്ചു. Nov.15 ന് സെന്റ് തോമസ്സ് കോളേജിൽ വെച്ച് നടത്തുന്ന അതിരൂപതാ തല കലാസാഹിത്യ മത്സരങ്ങളിൽ വിജയികളായവർക്ക് വാർഷിക സമ്മേളനത്തിൽ വെച്ച് സമ്മാനദാനം നടത്താനും തീരുമാനിച്ചു. സംഘടനയിൽ 25,50 വർഷം 2025ൽ പൂർത്തിയായ അംഗങ്ങളെ മെമന്റോ നൽകി ആദരിക്കാനും തീരുമാനിച്ചു

| | |
|---|---|
| **ഫാ. ജോൺ മൂലൻ** | **സണ്ണി കാട്ടൂക്കാരൻ** |
| ആധ്യാത്മികോപദേഷ്ടാവ് | പ്രസിഡന്റ് |

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**കരിസ്മാറ്റിക് നവീകരണം**

**K. A. C. മീറ്റിംഗ് കളമശ്ശേരിയിൽ**

കേരള കത്തോലിക്ക കരിസ്മാറ്റിക് അഡ്വൈസറി കമ്മിറ്റിയുടെ മീറ്റിംഗ് കളമശ്ശേരി എമ്മാവൂസിൽ വച്ച് കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ വർഗീസ് ചക്കാലക്കൽ പിതാവിന്റെ സാന്നിധ്യത്തിൽ നടന്നു. K.C.B.C. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും K.C.S.C. കോ-ഓർഡിനേറ്ററുമായ റവ. ഫാ. ജോൺസൺ തൗണ്ടിയിൽ ശുശ്രൂഷങ്ങൾക്ക് നേതൃത്വം നൽകി. കരിസ്മാറ്റിക് ജൂബിലിയുടെ ഒരുക്കങ്ങൾ കമ്മിറ്റികൾ രൂപപ്പെടുത്തി. തൃശ്ശൂർ അതിരൂപതയിൽ നിന്ന് കോ-ഓർഡിനേറ്റർ ഷാജു കെ.കെ., സെക്രട്ടറി റോയ് തൈക്കാട്ടിൽ, ട്രഷറർ വിൻസന്റ് ചിറയത്ത്, സാബു എം. വർഗീസ് എന്നിവർ പങ്കെടുത്തു.

**തിരുസന്നിധി**

ജൂബിലി ഒരുക്ക തിരുസന്നിധിയിൽ ശുശ്രൂഷ ഒക്ടോബർ പതിനെട്ടാം തീയതി വടക്കാഞ്ചേരി സബ് സോണിൽ കാഞ്ഞിരംകോട് സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് ഇടവക വികാരി റവ. ഫാ. സെബി കവലക്കാട്ട് ജൂബിലി

തിരി തെളിയിച്ച് മുഖ്യ സന്ദേശം നൽകി. തുടർന്ന് നടന്ന ആരാധന യ്ക്ക് തൃശൂർ സോണൽ സർവീസ്ടീം നേതൃത്വം നൽകി. 12 മണിക്ക് അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളാക്കോമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

നവംബർ മാസം പതിനെട്ടാം തീയതി നടന്ന തിരുസന്നിധി ശുശ്രൂഷ കൊട്ടേക്കാട് സബ് സോണിൽ മുണ്ടൂർ കാർമൽ നാഥാ ഇടവക ദേവാലയത്തിൽ വച്ച് നടന്നു. സബ് സോൺ ആനിമേറ്റർ റവ. ഫാ. ജോൺസൺ കുണ്ടുകുളം ജൂബിലി തിരി തെളിയിച്ച് സന്ദേശം നൽകി.

**ഫോർമേഷൻ പ്രോഗ്രാം**

ഇടവക പ്രാർത്ഥന കൂട്ടായ്മ കോർ ടീമിന് വേണ്ടിയുള്ള ഫോർമേഷൻ പ്രോഗ്രാം നാല് മേഖലകളിൽ ആയി നടത്തി. പ റപ്പൂർ, മറ്റം, കണ്ടശാങ്കടവ്, പാലയൂർ അടങ്ങുന്ന മേഖല പാവറട്ടി സെന്റ് ജോസഫ് തീർത്ഥകേന്ദ്രം ദേവാലയത്തിൽ വച്ച് ഡിസംബർ 5 വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടന്നു.

വടക്കാഞ്ചേരി, ചേലക്കര, വേലൂർ, എരുമപ്പെട്ടി അടങ്ങുന്ന മേഖല വടക്കാഞ്ചേരി സെന്റ് സേവിയർ ഫൊറോന ദേവാലയത്തിൽ വച്ച് ഡിസംബർ 6 ശനിയാഴ്ച രാവിലെ 9. 30 മുതൽ വൈകിട്ട് 4 വരെ നടന്നു.

പട്ടിക്കാട്, ബസിലിക്ക, കൊട്ടേക്കാട്, ലൂർദ്ദ് എന്നീ സബ് സോണുകൾ അടങ്ങുന്ന മേഖല ബസിലിക്ക ദേവാലയത്തിൽ വച്ച് ഡിസംബർ 9 ചൊവ്വാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടന്നു.

പുത്തൂർ, ഒല്ലൂർ, പഴുവിൽ, പുതുക്കാട് എന്നീ സബ് സോണുകൾ അടങ്ങുന്ന മേഖല ജെറുസലേം ധ്യാനകേന്ദ്രത്തിന്റെ നിത്യജീവൻ ഹാളിൽ വച്ച് ഡിസംബർ 12 വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടന്നു.

KCSC നേതൃത്വം നൽകിയ ഫോർമേഷൻ പ്രോഗ്രാമിൽ KCSC കോ-ഓർഡിനേറ്റർ റവ. ഫാ. ജോൺസൺ തൗണ്ടിയിൽ, ഷാജി വൈക്കത്ത് പറമ്പിൽ, സാബു എം. വർഗീസ്, രാജേഷ് പിട്ടാപ്പിള്ളി, സിസ്റ്റർ ജൂലിയറ്റ് എം എസ് എം ഐ, ലിന്റ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളാക്കൊമ്പിൽ നാലു മേഖലകളിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

**LSS പ്രോഗ്രാം**

ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ മൂന്നാം ബാച്ച് വിജയകരമായി

പൂർത്തീകരിച്ചു. KCSC പാരിഷ് മിനിസ്ട്രി ആനിമേറ്റർ റവ. ഫാ ജോസഫ് താമരവെളി, അതിരൂപതാ ഡയറക്ടർ റോയ് വേളാക്കൊമ്പിൽ കോ-ഓർഡിനേറ്റർ ഷാജു, സർവീസ് ടീം അംഗങ്ങൾ, മോണിറ്ററിങ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈദികർക്ക് വേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന ആബാ ധ്യാന കേന്ദ്രത്തിൽ എല്ലാ ദിവസവും നടന്നുവരുന്നു.

എല്ലാമാസവും ആദ്യ വെള്ളിയാഴ്ച വൈകിട്ട് 8 മണി മുതൽ ഒരു മണി വരെ രാത്രി ആരാധന കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

**ഫാ. സിന്റോ പൊന്തേക്കൻ**
അസി. ഡയറക്ടർ

# ജീസസ്സ് യൂത്ത്

**"Follow THE CALL"**

ഡിസംബർ 5-ാം തിയതി വൈകീട്ട് 6 മണി മുതൽ 6-ാം തിയതി വൈകീട്ട് 9 മണി വരെ പുതുക്കാട് മേരിമാതാ സ്കൂളിൽ വച്ചു ലീഡേഴ്സ് ട്രെയിനിങ് നടന്നു. 35 യുവജനങ്ങൾ പങ്കെടുത്തു. സോണൽ ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ, പുതുക്കാട് സബ്സോൺ ആനിമേറ്റർ ഫാ.ക്ലിൻസൻ എന്നിവർ സന്നിഹിതരായിരുന്നു. ഇന്നത്തെ കാലഘട്ടത്തിൽ എങ്ങനെ നല്ല ക്രിസ്തു ശിഷ്യരാകാം എന്ന വിഷയത്തെകുറിച്ച് പങ്കുവെച്ചു. ജപമാല, വിശുദ്ധ കുർബാന, ആരാധന, കുമ്പസാരം, എന്നിവയിലൂടെ കടന്നുപോയി. എങ്ങനെ ഈ കാലഘട്ടത്തിൽ നല്ല ലീഡേഴ്സ് ആയി യുവജനങ്ങൾക്ക് മാറാം എന്ന് റിസോഴ്സ് പേഴ്സൺ അഭിലാഷ് പങ്കുവെച്ചു. സോണൽ കൗൺസിൽ മെമ്പേഴ്സ് സിറിൽ, സാൻജോ, ജോൺ എന്നിവർ സന്നിഹിതരായിരുന്നു. ട്രെയ്നിങ്ങിന്റെ ഭാഗമായി പങ്കെടുത്ത എല്ലാവർക്കും സബ്സോൺ കോഡിനേറ്റർ ജൻസൺനന്ദി പറഞ്ഞു. ടീം അംഗങ്ങൾ സന്നിഹിതരായിരുന്നു.

ആരാധനയോടെ ട്രെയിനിങ് പ്രോഗ്രാം സമാപിച്ചു.

**Call To Go (Leaders Training )**

നവംബർ 30-ാം തിയതി, ഉച്ചക്ക് 1:30 മുതൽ 5:30 വരെ തൃശ്ശൂർ പാസ്ട്രൽ സെന്ററിൽ വച്ചു & quot; Call To Go " ലീഡേഴ്സ് ട്രെയിനിങ് നടന്നു. 5 കുടുംബങ്ങളും, 20 യുവജനങ്ങളും ട്രെയ്നിങ്ങിൽ പങ്കെടുത്തു. ആലപ്പുഴയിൽ നിന്നും എത്തിയ ജോബി ചെല്ലാനം കിഡ്സ് മിനിസ്ട്രിയുടെ ആവശ്യകതയും, കുട്ടികളെ ഈശോയിലേക്ക് ആഘർഷിക്കാനുള്ള വഴികളും വിശദീകരിച്ചു. ജപമാല, പ്രെയ്സ് & വെർഷിപ്, ഐസ് ബ്രേക്കിങ്, സെഷൻ എന്നിവയിലൂടെ പ്രോഗ്രാം കടന്നു പോയി. സോണൽ കൗൺസിൽ മെമ്പർ എയിഞ്ചലീന സോണൽ അപ്ഡേറ്റ്സ് നൽകി. മിനിസ്ട്രി കോർഡിനേറ്റർസ് ജോസ് & ജ്യോതി മിനിസ്ട്രിയുടെ ഉത്തരവാദിത്വങ്ങളെ പറ്റി സംസാരിച്ചു. പ്രോഗ്രാം ജനറൽ കോർഡിനേറ്റിങ്ങ് ഫാമിലി ജോജു & നിഷ നന്ദി പറഞ്ഞു.എല്ലാ ടീം അംഗങ്ങളും സന്നിഹിതരായിരുന്നു. പ്രാർത്ഥനയോടെ ട്രെയിനിങ് സമാപിച്ചു.

ഡിസംബർ ഏഴാം തീയതി തൃശ്ശൂരിലെ 9 ഹൗസ്ഹോൾഡുകളിലായി ഫോർമേഷൻ ഡേ ആചരിച്ചു. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും - (മത്തായി 6:21) എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ സെഷനും, ആക്റ്റിവിറ്റിയും, ദൈവാനുഭവങ്ങളും പങ്കുവയ്ക്കപ്പെട്ടു.

**STEWARDSHIP COURSE SESSION 1 & 2**

എമ്മാവൂസ് കോഴ്സിനു ശേഷം അടുത്ത കോഴ്സ് ആയ സ്റ്റെവാർഡ്ഷിപ്പ് കോഴ്സ് തൃശൂർ ബെയ്സിൽ ആരംഭിച്ചു. നവംബർ 9 ഞായറാഴ്ച മണ്ണുത്തി ഡോൺ ബോസ്കോ കോളേജിൽ വച്ചാണ് ആദ്യ സെഷനായ ഗുരുവിനോടു കൂടി നടത്തപ്പെട്ടത്. ഏകദേശം 65 ഓളം പേർ പങ്കെടുക്കുകയുണ്ടായി. ഉച്ചയ്ക്ക് 2.00 മണിക്ക് തുടങ്ങി 6.00 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് നടത്തപ്പെട്ടത്. തൃശൂർ ബെയ്സ് ടീമിന്റെയും ഫോർമേഷൻ ടീമിന്റെയും സ്റ്റഡി ഗ്രൂപ്പിന്റെയും നേതൃത്വത്തിലാണ് കോഴ്സ് നടത്തപ്പെട്ടത്.

രണ്ടാമത്തെ സെഷനായ ശിഷ്യത്വത്തിനുള്ള പ്രാഥമിക വ്യവസ്ഥകൾ നവംബർ 30 നു സെന്റ് : ക്ലെയേർസ് എൽ പി സ്ക്കൂളിൽ വച്ച് ഉച്ചയ്ക്ക് 2.00 മണിക്ക് തുടങ്ങി 6.00 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് നടത്തപ്പെട്ടത്. 60 ഓളം പേർ പങ്കെടുത്തു. തൃശൂർ ബെയ്സ് ടീമിന്റെയും ഫോർമേഷൻ ടീമിന്റെയും സ്റ്റഡി ഗ്രൂപ്പിന്റെയും നേതൃത്വത്തിലാണ് കോഴ്സ് നടത്തപ്പെട്ടത്.



വിശുദ്ധ സെബാസ്ത്യാനോസിന്റെ
തിരുനാൾ ആശംസകൾ
(ജനുവരി 20)




ഏവർക്കും
പുതുവത്സരാശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.12.2025
**January - 2026**










**ജൂബിലി വർഷ സമാപനവും**
**സമുദായ ശാക്തീകരണ വർഷ ഉദ്ഘാടനവും**
**21 ഡിസംബർ 2025**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor